(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.4/2676/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012
E-mail: dokkd.ksad.kerala.gov.in

തീയ്യതി : 28/12/2018

ഡെപ്യൂട്ടി ഡയറക്ടർ,
കോഴിക്കോട്
പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
കുത്താളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം: കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേ ണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെഎസ്.എ.കെ.കെ.ഡി.പി.4/2676/2018 തീയതി: 28-12-2018

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18

എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.07.2017 മുതൽ 21.11.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടികൾ ലഭ്യമാക്കിയിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.സതീഷ് മാവേലി പുത്തൻവീട്, ഡപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-11-2018 മുതൽ 30-11-2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.കെ.പി ഹരി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.കരുണാകരൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഇന്ദുകല സി വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അഫ്സൽ ടി എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അസ്സൻ കുട്ടി | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ജേക്കബ് ജോർജ്ജ് | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീ.മുജീബ്.സി. | കൃഷി ഓഫീസർ | 01.04.2017മുതൽ 31.03.2018വരെ |
| ഡോ.ശബരീഷ്.എസ്സ്. | വെറ്റിനറി സർജ്ജൻ | 01.04.2017മുതൽ 31.03.2018വരെ |
| ഡോ.അഭിലാഷ് ആർ ജെ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01.04.2017മുതൽ 31.03.2018വരെ |
| ഡോ.ബിന്ദു.ബി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2017മുതൽ 31.03.2018 വരെ |
| ശ്രീ.സജീഷ്.വി.കെ. | വി.ഇ.ഒ. | 01.04.2017മുതൽ 06.12.2017വരെ |
| ശ്രീ മനോജ് | വി.ഇ.ഒ. | 07.12.2017മുതൽ 31.03.2018വരെ |
| ശ്രീമതി.ക്ലാര.വി.ജെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2017മുതൽ 31.03.2018വരെ |
| ശ്രീ.രാമകൃഷ്ണൻ.സി. | ഹെഡ്മാസ്റ്റർ | 01.04.2017മുതൽ 31.03.2018വരെ |
| ശ്രീമതി.സൌദ.കെ.സി.<br>ശ്രീമതി.മിസ്സി<br>ശ്രീമതി.റിജ | അസിസ്റ്റന്റ് എൻജിനീയർ | 01.04.2017മുതൽ 15.06.2017വരെ<br>16.06.2017മുതൽ 07.11.2017വരെ<br>08.11.2017മുതൽ 31.03.2018വരെ |
| ശ്രീമതി.ലീന.ടി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01.04.2017മുതൽ 31.03.2018വരെ |

ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| | |
|---|---|
| ഭാഗം-1പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷികധനകാര്യപത്രിക |
| 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | അനധികൃത കെട്ടിട നിർമാണം -നടപടികൾ സ്വീകരിക്കാത്തത് -സംബന്ധിച്ച് |
| 2-2 | ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് |
| 2-3 | തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല. |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ശമ്പളപരിഷ്കരണ കുടിശിക ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല |

| | |
|---|---|
| 3-2 | തൊഴിലുറപ്പ് പദ്ധതി കയർ ഭൂവസ്ത്രം ആവശ്യകതയിൽ കൂടുതൽ സമാഹരിച്ചു |
| 3-3 | തൊഴിലുറപ്പുപദ്ധതി മെറ്റീരിയൽ സപ്ലൈ ചെയ്ത വകയിൽ വാറ്റ് ഈടാക്കിയില്ല |
| 3-4 | ലോകബാങ്ക് ധനസഹായം -പദ്ധതി പണം പാഴായി |
| 3-5 | ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം -പരാതി പരിഹരിച്ചതിലെ അപാകത |
| 3-6 | പെർഫോമൻസ് ഗ്യാരണ്ടി, അഡീഷനൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവ വാങ്ങുന്നതിൽ കുറവ് |
| 3-7 | തെരുവുവിളക്ക് സ്ഥാപിക്കൽ - മുഴുവൻ വിളക്കുകളും സ്ഥാപിച്ചതിന് രേഖയില്ല |
| 3-8 | കറവ പശു വിതരണം(വനിത)- ഗുണഭോക്തൃലിസ്റ്റിലെ മുൻഗണന ക്രമം ലംഘിച്ച് പശുക്കളെ വിതരണം ചെയ്തു. |
| 3-9 | കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ അപാകതകൾ |
| 3-10 | സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം അടവാക്കുന്നു |
| 3-11 | വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകത-പ്രൊക്വയർമെന്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 3-12 | രോഗ പ്രതിരോധം - ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കിയില്ല |
| 3-13 | ക്ഷീര കർഷകർക്ക് പാലളവിന് ഇൻസന്റീവ് - ക്ഷീരസംഘങ്ങളുടെ അക്കൗണ്ടിൽ തുക വിനിയോഗിക്കാതെ ശേഷിക്കുന്നു |
| 3-14 | പൈതോത്ത് ജി.എൽ. പി സ്കൂളിന് സ്ഥലം വാങ്ങൽ- സ്ഥലം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടില്ല. |
| 3-15 | പി.എച്ച്.സി- യ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ- പദ്ധതിയിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചു |
| 3-16 | വെള്ളപ്പാറക്കൽ സാമ്പവ സങ്കേതം-നെല്ലിയുള്ളതിൽ കോളനി പൈപ്പ് ലൈൻ നീട്ടൽ. വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല |
| 3-17 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ധനകാര്യകമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് |

| | |
|---|---|
| | റോഡ് കോൺക്രീറ്റ് പ്രവർത്തി നടത്തി |
| 3-18 | ആസൂത്രണ നടപടി ക്രമങ്ങൾ പാലിക്കാതെ പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാവുന്നു |
| 3-19 | തണ്ടോറപ്പാറ S.C. കോളനി കുടിവെള്ള പദ്ധതി-ഗുണനിലവാരമില്ലാത്ത പ്രവർത്തി നടത്തി |
| 3-20 | മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല |
| 3-21 | S.S.A.വിഹിതം അടവാക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. |
| - | അനുബന്ധം |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

23-03-2017 തീയതിയിലെ 139/16 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 12-03-2018 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2018 | 10-05-2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22-06-2018--23-06-2018 | കെ.എസ്.എ കെകെഡി /ഇ2/1111 /2018(31) തിയ്യതി 17/07/2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2833821 |
| വരവ് | 57319670 |
| ആകെ | 60153491 |
| ചെലവ് | 57297885 |
| നീക്കിയിരിപ്പ് | 2855606 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 9486000 | 9486000 | 8205745 | 1280255 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3870696 | 3870696 | 3869861 | 835 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 6181495 | 6181495 | 6009115 | 172380 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2633000 | 2633000 | 2629207 | 3793 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4454182 | 4454182 | 4449022 | 5160 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 22471766 | 22471766 | 16864007 | 5607759 |
| സാക്ഷരത | | 5696 | 195300 | 200996 | 195300 | 5696 |
| ദുരിതാശ്വാസനിധി | | 0 | 1750 | 1750 | 0 | 1750 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 43526510 | 43526510 | 43526510 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 35892 | 1548264 | 1584156 | 1233533 | 350623 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| എം പി ഫണ്ട് | | 195131 | 710622 | 905753 | 767861 | 137892 |
| ഐ സി ഡി എസ് | | 793627 | 395082 | 1188709 | 343753 | 844956 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| വിമുക്തി ഫണ്ട് | | 12300 | 12500 | 24800 | 0 | 24800 |
| ശുചിത്വ മിഷൻ ഫണ്ട് | | 995400 | 1880255 | 2875655 | 156055 | 2719600 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 200000 | 590000 | 790000 | 430490 | 359510 |
| | ജില്ലാ പഞ്ചായത്ത് | 0 | 100000 | 100000 | 100000 | 0 |
| ബി ഫണ്ട് വിധവകളുടെ പെൺ മക്കളുടെ വിവാഹധന സഹായം | | 0 | 30000 | 30000 | 30000 | 0 |
| തൊഴിൽ രഹിതവേതനം | | 0 | 80280 | 80280 | 80280 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 217343 | 5700000 | 5917343 | 5432061 | -359674 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 299513 | 2882671 | 3182184 | 4443768 | -1261584 |
| | ട്രഷറി അക്കൗണ്ട് | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 59872677 | 43037217 | 136 | 130 | 1 | 5 | 95.3 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 35892 | 1548264 | 1584156 | 1233533 | 350623 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 43526510 | 43526510 | 43526510 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 80280 | 148 |
| കർഷകതൊഴിലാളി പെൻഷൻ | 8568600 | 666 |
| വിധവാപെൻഷൻ | 6659300 | 518 |
| വാർദ്ധക്യകാലപെൻഷൻ | 11209800 | 529 |
| വികലാംഗപെൻഷൻ | 2213000 | 175 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ | 199500 | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6691 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത്

ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ടു ചെയ്യപ്പെടുന്നുവെന്ന്ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബിൽ രജിസ്റ്റർ, ചെക്ക്&ഡ്രാഫ്ററ് രജിസ്ററർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിററ് രജിസ്ററർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
ശമ്പളപരിഷ്കരണ കുടിശ്ശികയനുവദിച്ചപ്പോൾ അധികരിച്ച നിരക്കിലുള്ള ശമ്പളത്തിന്മേൽ ഈടാക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കാതിരുന്നത് പ്രധാന വീഴ്ചയാണ്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. തനത് ഫണ്ടിൽ (-1261584) നെഗറ്റീവ് ബാലൻസ് ഉള്ളതായി കാണുന്നു. തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-10-2018 മുതൽ 30-10-2018 വരെ | 09/2018 | 19/11/2018(Ktly/06/2018-19/PAU04 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04-02-2010 മുതൽ 20-02-2011 വരെ | 2004-05 മുതൽ 2008-09 വരെ | എൽ.ബി.എ/എച്ച്.ക്യൂ/3/8 എ.154/659, 19-03-2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1). താഴെ പറയുന്ന ഫണ്ട് വരവിനങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി യോജിക്കുന്നില്ല

| ക്രമ നം | ഫണ്ടിനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | എ സി ആർ പ്രകാരം |
|---|---|---|---|
| 1 | വികസന ഫണ്ട് ജനറൽ | 8188513 | 8205745 |
| 2 | പൊതു ഉദ്ദേശ ഗ്രാന്റ് | 6255861 | 5700000 |

2). കുടുംബശ്രീ ചലഞ്ച് ഫണ്ട് ഇനത്തിൽ 327980 രൂപ വരവിനത്തിൽ വന്നു.ഈ തുക കുടുംബശ്രീക്ക് നൽകിയെങ്കിലും , ടി ഗ്രാന്റ് തുക ധനകാര്യ പത്രികയിൽ വരവായിചേർത്തിട്ടില്ല
3). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല
4). Capital work in progress ഇനത്തിൽ 1122334 രൂപ 2016-17 വർഷത്തിലെ നീക്കിയിരിപ്പ് തുക തന്നെയാണ്.ഇത് ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്
5). അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) ലഭ്യമാക്കിയിട്ടില്ല

6). തൊഴിൽരഹിതവേതനമിനത്തിൽ ലഭിച്ചതും ചെലവഴിച്ചതുമായ 80280/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അനധികൃത കെട്ടിട നിർമാണം -നടപടികൾ സ്വീകരിക്കാത്തത് -സംബന്ധിച്ച്

ഫയൽ ബി എ -08/10-11

നസ്രത്തുൽ ഇസ്ലാം സഭക്ക് വാണിജ്യ കെട്ടിടം ഉണ്ടാക്കുന്നതിന് റി സ 42/2 ൽ ബി എ -08/10-11( കാലാവധി 9-11-10–8-11-13 വരെ) എന്ന നമ്പറിൽ ബിൽഡിങ് പെർമിറ്റ് നൽകിയിരുന്നു. തുടർന്ന് ഇത് 08/11/2013 മുതൽ 07/11/2016 വരെ പുതുക്കി നൽകിയിട്ടുണ്ട്. ബിൽഡിങ് പെർ മിറ്റ് പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണം താഴെ പറയും പ്രകാരമാണ്

തറ നില— 362.6

ഒന്നാം നില 31.33

ആകെ 393.93 പ്ലോട്ട് ഏരിയ 15 സെന്റ് (നഞ്ച)

ഫയൽ-എ1 4215/15

17/09/2015 ന് കെട്ടിടമുടമ ,കെട്ടിടത്തിന്റെ ഉപയോഗ തരം മാറ്റം വന്നതിനാൽ(സമ്മേളന കെട്ടിടം ഗ്രൂപ്പ് ഡി) ഡീവിയേഷൻ പ്ലാൻ സമർപ്പിച്ചു. ഇത്പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണം താഴെ പറയും പ്രകാരമാണ്

തറ നില— 424.95

ഒന്നാം നില 424.95

ആകെ 849.9 പ്ലോട്ട് ഏരിയ 148.8സെന്റ്(ഇതിൽ 133.8 സെന്റ് പ്ലോട്ട് ഏരിയയുമായി ബന്ധമില്ലാത്തതും റി.സ 44/4,45 എന്നിവയിൽ പെട്ടതുമാണ്)

ഓവർസിയർ സ്ഥല പരിശോധന നടത്തുകയും 19/12/2015ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയിൽ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങളുടെ ലംഘനങ്ങൾ കണ്ടെത്തി

1).കെ പി ബി ആർ 57(2) പ്രകാരം സമ്മേളന കെട്ടിടം ഗ്രൂപ്പ് ഡി ക്ക് ആവശ്യമായ ഏറ്റവും ചുരുങ്ങിയ തുറന്ന സ്ഥലം താഴെപറയുന്ന

മുൻവശം ചുരുങ്ങിയത് 6 മീറ്ററോട് കൂടിയ ശരാശരി 10.5 മി

വശങ്ങൾ ചുരുങ്ങിയത് 1.5 മീറ്ററോട് കൂടിയ ശരാശരി 5 മി

പിന്നാമ്പുറം ചുരുങ്ങിയത് 2 മീറ്ററോട് കൂടിയ ശരാശരി 4.5 മി

ഇത് പാലിച്ചിട്ടില്ല

2).കെ പി ബി ആർ 57 പ്രാകാരം 500 ച. മി ക്ക് മുകളിലുള്ള ഗ്രൂപ്പ് -ഡി കെട്ടിടത്തിന് ജില്ലാ ടൗൺ പ്ലാനറുടെ അനുമതി വാങ്ങേണ്ടതുണ്ട്. ഇത് ലഭ്യമാക്കിയിട്ടില്ല

3). കെ പി ബി ആർ 57(8) പ്രകാരമുള്ള ഫയർ എൻ ഒ സി ലഭ്യമാക്കിയിട്ടില്ല

4). കെ പി ബി ആർ 57(12) പ്രകാരമുള്ള ഖര ദ്രവ മാലിന്യ ശേഖരണത്തിനും ആരോഗ്യ രക്ഷകമായ അവയുടെ കയ്യൊഴിക്കലിനും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല

5). കെ പി ബി ആർ 57(13) പ്രകാരം ആവശ്യമുള്ള ടോയിലെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല

6). കെ പി ബി ആർ 35(ടേബിൾ 2) പ്രകാരം ഗ്രൂപ്പ് -ഡി ഇനത്തിൽപ്പെട്ട ഈ കെട്ടിടത്തിന് ഉണ്ടായിരിക്കേണ്ട കവറേജ്, തറ വിസ്തീർണാനുപാതം എന്നിവ പാലിക്കുന്നില്ല.

7). കെ പി ബി ആർ 38പ്രകാരം ആവശ്യമായ പാർക്കിങ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

കെ. പി. ബി. ആർ 35(ടേബിൾ 2) പ്രകാരം ഗ്രൂപ്പ് -ഡി ഇനത്തിൽപ്പെട്ട ഈ കെട്ടിടത്തിന് ഉണ്ടായിരിക്കേണ്ട കവറേജ്, തറ വിസ്തീർണാനുപാതം എന്നിവ താഴെ കൊടുക്കുന്നു

കെട്ടിടത്തിന്റെ തറ വിസ്തീർണാനുപാതം 849.9/607.05 =1.4

(പരമാവധി അനുവദനീയമായ തറ വിസ്തീർണാനുപാതം= 1.25)

പരമാവധി അനുവദനീയമായ തറ വിസ്തീർണം=1.25X607.05=758.8

(.7X607.05 = 424.9 ച മി അധിക ഫീസില്ലാതെ

333.9 ച മി ച മിക്ക് 3000 രൂപ പിഴ സഹിതം )

91.1 ച മി കെട്ടിടം അനധികൃതം

കവറേജ് കെട്ടിടത്തിന്റെ 424.95X100/607.05 = 70

(പരമാവധി അനുവദനീയമായ കവറേജ് =35)

ഇത് പ്രകാരം അനുവദനീയമായ ഒരുനിലയിൽ അനുവദനീയമായ പരമാവധി തറ വിസ്തീർണം =35X607.05/100= 212.47

കെ. പി. ബി. ആർ. 35(ടേബിൾ 2) പ്രകാരം ഗ്രൂപ്പ് -ഡി ഇനത്തിൽപ്പെട്ട ഈ കെട്ടിടത്തിന് ഉണ്ടായിരിക്കേണ്ട കവറേജ് 212.47 ച.മി മാത്രമാണ് എന്നിരിക്കെ അനധികൃതമായി നിർമിച്ചഭാഗം പൊളിച്ച് നീക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾ കണ്ടെത്തിയതിനാൽ അപേക്ഷ നിരസിച്ചു

<u>ഫയൽ 5906/16</u>

18/11/2016 ന് കെട്ടിടത്തിന്റെ തരം മാറ്റി, വാണിജ്യ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി കെട്ടിടമുടമ വീണ്ടും അപേക്ഷ നൽകി. ഇത്പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണം താഴെ പറയും പ്രകാരമാണ്

തറ നില— 432.2

ഒന്നാം നില 432.2

രണ്ടാം നില 022.33

ആകെ 886.73 പ്ലോട്ട് ഏരിയ 163.8സെന്റ്(ഇതിൽ 148.8 സെന്റ് യഥാർത്ഥ പ്ലോട്ട് ഏരിയയുമായി ബന്ധമില്ലാത്തതും റി.സ 42/2,43/3,43/4 എന്നിവയിൽ പെട്ടതുമാണ്)

കെ പി ബി ആർ 35(ടേബിൾ 2) പ്രകാരം വാണിജ്യ കെട്ടിടങ്ങൾ ഇനത്തിൽപ്പെട്ട ഈ കെട്ടിടത്തിന് ഉണ്ടായിരിക്കേണ്ട കവറേജ്, തറ വിസ്തീർണാനുപാതം എന്നിവ താഴെ കൊടുക്കുന്നു

കെട്ടിടത്തിന്റെ തറ വിസ്തീർണാനുപാതം 886.73 /607.05 =1.46

(പരമാവധി അനുവദനീയമായ തറ വിസ്തീർണാനുപാതം= 2.75)

കവറേജ് കെട്ടിടത്തിന്റെ 432.2X100/607.05 = 71.01

(പരമാവധി അനുവദനീയമായ കവറേജ് = 60)

ഇത് പ്രകാരം ഒരുനിലയിൽ അനുവദനീയമായ പരമാവധി തറ വിസ്തീർണം =60X607.05/100= 364.23

വാണിജ്യ കെട്ടിടമായി കണക്കാക്കിയാൽ പോലും ഒരുനിലയിൽ അനുവദനീയമായ പരമാവധി തറ വിസ്തീർണം 364.23 ച. മി ആണ് . അധികമുള്ളത് അനധികൃതമാണ്. ഇത് പൊളിച്ചു നീക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. മുമ്പ് പരാമർശിച്ച അപാകതകൾ തുടരുന്നതിനാലും കൈവശാവകാശ സർട്ടിഫിക്കേറ്റ് പ്രകാരം ഭൂമി നഞ്ചയയായതിനാലും കെട്ടിട നമ്പർ നൽകിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235. എ. എ പ്രകാരം ഈ കെട്ടിടത്തെ അനധികൃത കെട്ടിടമായി

കണക്കാക്കി 2016-17 വർഷം യു. എ. 1/16-17 നമ്പർ നൽകുകയും 167592/- രൂപ നികുതി കണക്കാക്കി നോട്ടീസ് നൽകുകയും ചെയ്തു. ഈ തുക അടവാക്കിയില്ല തുടർന്ന് പഞ്ചായത്ത് റെവന്യൂ റിക്കവറി നോട്ടീസ് 20/11/2017 ന് അയച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

ഫയൽ നം 1449/18

08/06/2018 ന് വാണിജ്യ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി കെട്ടിടമുടമ വീണ്ടും അപേക്ഷ നൽകി

ഇത്പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണം താഴെ പറയും പ്രകാരമാണ്

തറ നില— 394.12

ഒന്നാം നില 394.12

ആകെ 788.24 പ്ലോട്ട് ഏരിയ 170.1(68.85 ആർ)സെന്റ്(ഇതിൽ 148.8 സെന്റ് യഥാർത്ഥ പ്ലോട്ട് ഏരിയയുമായി ബന്ധമില്ലാത്തതും റി.സ 42/2,43/3,43/4 എന്നിവയിൽ പെട്ടതുമാണ്) .

27/11/2018 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് സ്ഥല പരിശോധന നടത്തുകയുണ്ടായി . കെട്ടിടത്തിന്റെ ഉപയോഗ തരം അസംബ്ലി കെട്ടിടമാണെന്നും(ഗ്രൂപ്പ് -ഡി) ,17/09/2015 ന് ഓവർസിയർ റിപ്പോർട്ട് ചെയ്ത മുഴവൻ അപാകതകളും നില നിൽക്കുന്നതായും കണ്ടെത്തി. താഴെ സൂചിപ്പിച്ച കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്

എ). കൃത്യമായ സ്ഥല പരിശോധന നടത്താതെ നഞ്ചയിനത്തിൽപ്പെട്ട ഭൂമിയിൽ കെട്ടിട നമ്പർ നൽകിയതിനും, വിശദീകരണം നൽകേണ്ടതാണ്.

ബി). കെട്ടിടത്തിന്റെ ഉപയോഗ തരം അസംബ്ലി കെട്ടിടമാണെന്ന്(ഗ്രൂപ്പ് -ഡി) .17/09/2015 ന് തന്നെ ഓവർസിയർ റിപ്പോർട്ട് നൽകിയിരിക്കെ, അനധികൃത നിർമാണം പൊളിച്ച് നീക്കാനുള്ള നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

സി). കെട്ടിടത്തിന് നമ്പറിനു വേണ്ടി വ്യത്യസ്ത സമയങ്ങളിൽ 3അപേക്ഷകൾ നൽകിയിട്ടുണ്ട് , കെട്ടിടത്തിന്റെ ഉപയോഗ തരം അസംബ്ലി കെട്ടിടമായിരിക്കെ (ഗ്രൂപ്പ് -ഡി) തന്നെ, വാണിജ്യാവശ്യങ്ങൾക്കാണെന്ന് കാണിച്ച് സമർപ്പിച്ച അപേക്ഷ (ഫയൽ നം 1449/18 )കെ. പി. ബി. ആർ. ന് അനുസൃതമാണെന്ന് 08/08/2018 ന് അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആയത് എപ്രകാരം അംഗീകരിച്ചു എന്ന് അസി. എഞ്ചിനീയർ വ്യക്തമാക്കേണ്ടതാണ്.

ഡി). 09/10/2017 ലെ ഭരണ സമിതിയുടെ 2(1) നമ്പർ തീരുമാന പ്രകാരം കെട്ടിട നിർമാണം സംബന്ധിച്ച വിശദ വിവരങ്ങ ൾ തദ്ദേശ സ്വയം ഭരണ വകുപ്പിനെ അറിയ്ക്കുന്നതിനായി തീരുമാനിച്ചു. 12/10/2017 ന് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ഇതു വരെയും വകുപ്പ് തലത്തിൽ ഒരു തീരുമാനവും ഉണ്ടായിട്ടില്ല. വകുപ്പിലേക്ക് ഉചിത മാർഗേണ കത്തയച്ച് തീരുമാനം അറിയ്ക്കാകാൻ അപേക്ഷിക്കേണ്ടതാണ്

ഇ). ഈ കെട്ടിടത്തിന്റെ കൃത്യമായ തറ വിസ്തീർണം, ഉപയോഗ തരം,കവറേജ്, തറ വിസ്തീർണാനുപാതം എന്നിവ അസി. എഞ്ചിനീയർ, സെക്രട്ടറിയുടെ/സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ അളന്ന് രേഖപ്പെടുത്തേണ്ടതും ഫയലിൽ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയ്ക്കേണ്ടതുമാണ്



## 2-2 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

| | |
|---|---|
| 100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | - 704 |
| 100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് | – 19 |
| ഓഫീസ് ആവശ്യത്തിനുള്ളത് | – 4 |
| വ്യവസായിക ആവശ്യത്തിനുള്ളത് | – 7 |
| വാണിജ്യാവശ്യങ്ങൾക്കുള്ള ബങ്കുകൾ, കമ്പ്യൂട്ടർ സെന്ററുകൾ തുടങ്ങിയവ | – 3 |
| ആകെ | 737 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11/9/17 ലെ തീരുമാനം 25/17 പ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന എല്ലാ കടകൾക്കും ലൈസൻസ് എടുപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട് . എന്നാൽ തുടർ നടപടികൾ ഉണ്ടായിട്ടില്ല. പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 737 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 129 പേർ മാത്രമാണ് 2017-18 ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും നിലവിൽ ധാരാളം കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട് എന്ന് വ്യക്തമാണ്. എന്നാൽ ഈ വിഷയം പഞ്ചായത്ത് ഇതു വരെയും പരിശോധിച്ചിട്ടില്ല. വളരെ കുറഞ്ഞ തനത് വരുമാനമുള്ള പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം കൃത്യമായി പിരിച്ചെടുക്കാൻ കഴിയാത്തതിനാൽ നഷ്ടപ്പെടുന്ന അവസ്ഥയാണ് നിലവിൽ ഉള്ളത്. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല

1.കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്.

2. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ,ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

3. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

4. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ

രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ,വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഈ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

ഉദാ-2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്

| ക്രമ നം | അപേക്ഷകന്റെ പേര് | വാർഡ് നം/സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 54 | ഔട്ട്‌ലെറ്റ് ഇൻചാർജ്,മാവേലിസ്റ്റോർ | 13/311, സപ്ലൈകോ മാവേലി സ്റ്റോർ | 4 |
| 100 | ബിന്ദു നാരായണൻ | 3/187,188 വെഗാ ഇന്റർനാഷനൽ | 6 (2017-18 രണ്ടാം അർദ്ധ വർഷം മുതൽ) |
| 125 | പി കെ ബാലകൃഷ്ണൻ, സി ഇ ഒ , സുഭിക്ഷ | 2/574 സുഭിക്ഷ | 10 |

എന്നാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തതിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെ 11/09/2017 ലെ 25/17,19/12/2017 ലെ 35/17 നമ്പർ തീരുമാനപ്രകാരവും തൊഴിൽ നികുതി , പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിരുന്നെങ്കിലും മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച്, അവരിൽ നിന്ന് നികുതി ഈടാക്കി ഓഡിറ്റിനെ അറിയ്ക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ശമ്പളപരിഷ്കരണ കുടിശിക ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ.ഉ (പി)7/2016/ഫിൻ തി.20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 7 /14 മുതൽ 01/16 വരെയുള്ള ശമ്പള കുടിശിക നാലു ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട് ഇതുപ്രകാരം ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 17 -18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പള കുടിശ്ശികയുടെ 1,2 ഗഡുക്കൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 21700381/29.09.2017 | 203204 |
| | 21700466,67/02.11.2017 | 151189 |
| 2 | 21700722/16.03.2018 | 54915 |
| | 21700723/16.03.2018 | 31645 |
| | 21700724/16.03.2018 | 60472 |
| | 21700725/16.03.2018 | 61093 |
| | 21700726/16.03.2018 | 23361 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട പുതുക്കിയ ശമ്പള നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1,2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. അടവാക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | പേര്,തസ്തിക | ശമ്പള പരിഷ്കരണത്തിനു ശേഷമുള്ള തുക | | ശമ്പള പരിഷ്കരണത്തിനു മുമ്പുള്ള തുക | വ്യത്യാസം | അടയ്ക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ |
|---|---|---|---|---|---|---|
| 1 | ലക്ഷ്മി എ എം ക്ലാർക്ക് | 02/16–05/16 | 41500 | 16980 | 24520 | 24520x4x15/100=14712 |
| | | 06/16–05/17 | 42500 | 16980 | 25520 | 25520x12x15/100=45936 |
| | | 06/17–07/17 | 43600 | 16980 | 26620 | 26620x2x15/100=7986 |
| | | | | | | ആകെ=68634 |
| 2 | സുമേഷ് കെ സീ. ക്ലാർക് | 07/14–06/15 | 27150 | 13540 | 13610 | 13610x12x15/100=24498 |
| | | 07/15–01/16 | 27800 | 13900 | 13900 | 13900x7x15/100=14595 |
| | | | | | | ആകെ=39093 |
| 3 | അനിൽ | 07/14–10/14 | 21650 | 10750 | 10900 | 10900x4x15/100=6540 |

| | | | | | | |
|---|---|---|---|---|---|---|
| | ബേബി<br>സീ. ക്ലാർക് | | | | | |
| | | 11/14–05/15 | 22200 | 11020 | 11180 | 11180x7x15/100=11739 |
| | | 06/15 | 22800 | 12188 | 11612 | 11612x15/100=1742 |
| | | 07/15–01/16 | 25200 | 13210 | 11990 | 11990x7x15/100=12590 |
| | | | | | | ആകെ=32611 |
| 4 | ചന്ദ്രൻ ടി<br>ക്ലാർക് | 07/14–06/15 | 29200 | 14260 | 14940 | 14940x12x15/100=26892 |
| | | 07/15–01/16 | 29900 | 14620 | 15280 | 15280x7x15/100=16044 |
| | | | | | | ആകെ=42936 |
| 5 | മുരളിദാസ്.സി<br>പ്യൂൺ | 07/14–02/15 | 19000 | 9190 | 9810 | 9810x8x15/100=11772 |
| | | 03/15–12/15 | 19500 | 9440 | 10060 | 10060x10x15/100=15090 |
| | | 01/16 | 18871 | 9135 | 9736 | 9736x15/100=1461 |
| | | | | | | ആകെ=28323 |
| 6 | സോണിയ<br>എകൗണ്ടന്റ് | 07/14–06/15 | 31500 | 15750 | 15720 | 15720x12x15/100=28296 |
| | | 07/15–12/15 | 32300 | 16180 | 16120 | 16120x6x15/100=14508 |
| | | 01/16 | 31258 | 15658 | 15600 | 15600x15/100=2340 |
| | | | | | | ആകെ=45144 |
| 7 | സജീവൻ. ഇ<br>സി. ക്ലാർക് | 07/14–04/15 | 29200 | 14620 | 14580 | 14580x10x15/100=21870 |
| | | 05/15–01/16 | 29900 | 14980 | 14920 | 14920x9x15/100=20142 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ആകെ=42012 |
| 8 | ബാബു. എം കെ<br>ക്ലാർക് | 07/14–08/14 | 20000 | 9940 | 10060 | 10060x2x10/100=2012 |
| | | 09/14–08/15 | 20550 | 10210 | 10340 | 10340x12x10/100=12408 |
| | | 09/15–01/16 | 21100 | 10480 | 10620 | 10620x5x10/100=5310 |
| | | | | | | ആകെ=19730 |
| 9 | ജേക്കബ് ജോർജ്<br>സെക്രട്ടറി | 07/14–11/14 | 42500 | 21240 | 21260 | 21260x5x15/100=15945 |
| | | 12/14–12/15 | 43600 | 21800 | 21800 | 21800x13x15/100=42510 |
| | | 01/16 | 42194 | 21096 | 21098 | 21098x15/100=3165 |
| | | | | | | ആകെ=61620 |
| | | | | | | മൊത്തം 380103 |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 1/ 4 /13 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും മേൽ കാലയളവിൽ ശമ്പളപരിഷ്കരണ കടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷനിൽ കോൺട്രിബ്യൂഷൻ കുടിശ്ശിക തുക അടവാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്

## 3-2 തൊഴിലുറപ്പ് പദ്ധതി കയർ ഭൂവസ്ത്രം ആവശ്യകതയിൽ കൂടുതൽ സമാഹരിച്ചു

2017- 18 വർഷത്തെ മരാമത്ത് പ്രവൃത്തിയുടെ ഭാഗമായി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൊയർ മാർക്കറ്റിങ് ഫെഡറേഷനിൽ നിന്ന്(കൊയർഫെഡ്) ഇൻവോയ്സ് നമ്പർ 106 /30 -3- 2018 പ്രകാരം 2200 ചതുരശ്രമീറ്റർ (22 റോൾ) കയർ ഭൂവസ്ത്രം ഒരു ചതുരശ്ര മീറ്ററിന് 61 .90 രൂപ നിരക്കിൽ 136180 രൂപയും അതിന്റെ ജി എസ് ടി ഉൾപ്പെടെ 142990രൂപ എഫ് ടി ഒ ട്രാൻസാക്ഷൻ പ്രകാരം അനുവദിച്ച് ഗ്രാമപഞ്ചായത്ത് സംഭരിച്ചിട്ടുണ്ട് കൂടാതെ ഈ പ്രവൃത്തിയുടെ ആവശ്യാർത്ഥം 52800 രൂപക്ക് മുള ആണി 8800 എണ്ണവും വാങ്ങിയിട്ടുണ്ട്. എന്നാൽ 2017 18 വർഷം ഒരു പ്രവൃത്തിക്കു മാത്രമാണ് മേൽ സംഭരിച്ച വസ്തുക്കൾ ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു

| പദ്ധതിയുടെ പേര്/ എം ബുക്ക് | ഉപയോഗിച്ച വസ്തുക്കൾ | |
|---|---|---|
| | ഭൂവസ്ത്രം | മുളയാണി |

| | | |
|---|---|---|
| മുണ്ടോട്ടിൽ കാനോത്ത് താഴെ കനാൽ നവീകരണം<br>211/17-18 | 427 ച.മി | 2716 |

അവശേഷിക്കുന്ന കയർ ഭൂവസ്ത്രം 1773 ചതുരശ്രമീറ്റർ (17 റോൾ) ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ വെയിലും മഴയും കൊള്ളുന്ന രീതിയിൽ അട്ടിയിട്ടതായി കാണുന്നു. മുളയാണി സൂക്ഷിച്ചത് സംബന്ധിച്ച് വിശദാംശം നല്കാൻ എൻ. ആർ. ഇ. ജി. എസിനോട് ആവശ്യപ്പെട്ടുവെങ്കിലും ആയത് നൽകുകയുണ്ടായില്ല.

2018-19 വർഷം നാല് പ്രവൃത്തിക്ക് കൂടി ഭൂവസ്ത്രം ഉപയോഗിക്കുമെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ നാല് പ്രവൃത്തിക്കു് എത്ര ച.മി ഭൂവസ്ത്രം ഉപയോഗിക്കുമെന്നോ, അവശേഷിക്കുന്നവ എന്തുചെയ്യുമെന്നോ ഉള്ള വിശദാംശം ലഭ്യമല്ല. ആവശ്യമായതിൽ കൂടുതൽ കയർ ഭൂവസ്ത്രവും മുളയാണിയും സംഭരിച്ചതിന് വിശദീകരണം നൽകേണ്ടതും അവശേഷിക്കുന്ന വസ്തുക്കൾ ഉടനടി ഉപയുക്തമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-3 തൊഴിലുറപ്പപദ്ധതി മെറ്റീരിയൽ സപ്ലൈ ചെയ്ത വകയിൽ വാറ്റ് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് 2016 -17, 2017- 18 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കിയ 16 മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത കരാറുകാരുമായി ടെൻഡർ ഉറപ്പിക്കുകയും മെറ്റീരിയൽസ് സപ്ലൈ ചെയ്യുകയും ഉണ്ടായി. സാധന സാമഗ്രികൾ വിതരണം ചെയ്തവകയിൽ 1976361 രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. കരാറുകാരൻ നിർമ്മാണ സാധനങ്ങൾ ഗ്രാമപഞ്ചായത്തിന് വിതരണം ചെയ്യുമ്പോൾ വിതരണ സ്ഥാപനത്തിന്റെ ഫോറം 8 ലുള്ള ക്യാഷ് ബിൽ (റൂൾ 58 കെ വാറ്റ് റൂൾസ്) സമർപ്പിക്കേണ്ടതാണെങ്കിലും പ്രസ്തുത കരാറുകാർ കാഷ് ബിൽ സമർപ്പിച്ചിട്ടില്ല. വാറ്റ് ബിൽ ഹാജരാകാത്തതിനാൽ വാറ്റ് റൂൾ പ്രകാരം നിർമ്മാണ സാധനങ്ങൾ വിറ്റ വകയിൽ കരാറുകാരിൽ നിന്നും 14.5 ശതമാനം നിരക്കിൽ വാറ്റ് ഈടാക്കി സർക്കാരിലേക്ക് ആടവാക്കേണ്ടതായിരുന്നു (മെറ്റൽ 10 എം എം, 20 എംഎം, 40 എംഎം, സിമന്റ്, എം-സാൻഡ്,ക്വാറി മക്ക് എന്നിവയ്ക്ക് 14.5 ശതമാനം വാറ്റ്) ക്യാഷ് ബില്ലിനെ അഭാവത്തിൽ വാറ്റ് ഇനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടമുണ്ടായ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര്/<br>എം ബുക്ക്/കരാറുകാരന്റെ പേര് | മണൽ മെറ്റൽ സിമെന്റ് വിതരണം ചെയ്ത വകയിൽ നൽകിയ തുക | ടാക്സ് | അടച്ചത് | കുറവ് |
|---|---|---|---|---|---|
| 1 | ചാത്തന്തകോട്ട്- പൂച്ചാറ നടപ്പാത<br>219/16-17<br>ശ്രീനാഥ് എം സി | 155862 | 22600 | - | 22600 |
| 2 | കരിമ്പില മൂല-ഏരംതോട്ടം നടപ്പാത<br>215/16-17<br>ശ്രീനാഥ് എം സി | 155862 | 22600 | - | 22600 |
| 3 | നാഗത്ത് നടപ്പാത<br>263/16-17<br>ശ്രീനാഥ് എം സി | 62303 | 9034 | - | 9034 |
| 4 | റേഷൻകട- മീത്തലെ കുനിത്തല | 155862 | 22600 | - | 22600 |

| | | | | | |
|---|---|---|---|---|---|
| | റോഡ്<br>245/16-17<br>ശ്രീനാഥ് എം സി | | | | |
| 5 | തുളുവൻകുന്ന്- അംഗൻവാടി നടപ്പാത<br>249/16-17<br>ശ്രീനാഥ് എം സി | 77817 | 11283 | - | 11283 |
| 6 | കുന്നത്ത് പാറാടിക്കുന്നമ്മൽ താഴെ നടപ്പാത<br>298/16-17<br>ശ്രീനാഥ് എം സി | 124480 | 18080 | - | 18080 |
| 7 | താനിക്കണ്ടി- നടപ്പാത<br>220/16-17<br>ശ്രീനാഥ് എം സി | 77817 | 11283 | | 11283 |
| 8 | ചായിക്കുളം- കിഴക്കേ മഠം റോഡ്<br>289/16-17<br>ശ്രീനാഥ് എം സി | 155862 | 22600 | | 22600 |
| 9 | കക്കണ്ടി- ആശാരിക്കണ്ടി നടപ്പാത<br>252/16-17<br>ഹരിദാസ്. പി | 119447 | 17320 | | 17320 |
| 10 | തെരു കൊല്ലിയിൽ നടപ്പാത<br>247/16-17<br>ശ്രീനാഥ് എം സി | 155862 | 22600 | | 22600 |
| 11 | പുളിക്കൂൽ താഴെ രായരോത്ത് താഴെ നടപ്പാത<br>299/16-17<br>ഹരിദാസ് പി | 124480 | 18050 | | 18050 |

| | | | | | |
|---|---|---|---|---|---|
| 12 | ചെട്ട്യാം ചോല -പുളിക്കോത്ത് ചാലിൽ നടപ്പാത<br>250/16-17<br>ശ്രീനാഥ് എം സി | 77817 | 11283 | | 11283 |
| 13 | കട്ടയാട്ട് തെരു -അംഗൻവാടി റോഡ്<br>288/16-17<br>ശ്രീനാഥ് എം സി | 116089 | 16833 | | 16833 |
| 14 | ഉണ്ണിക്കണ്ടി-ഉറുശ്ശേരിക്കണ്ടി റോഡ്<br>218/16-17<br>ശ്രീനാഥ് എം സി | 155862 | 22600 | | 22600 |
| 15 | കാട്ടില്ലത്ത് പുത്തൻപുരയിൽ താഴ നടപ്പാത<br>262/17-18<br>ശ്രീനാഥ് എം സി | 155862 | 22600 | | 22600 |
| 16 | അത്തിക്കോടൻ കണ്ടി- താഴെ ഇല്ലപ്പറമ്പിൽ കാപ്പുമ്മൽ നടപ്പാത<br>359/17-18<br>ശ്രീനാഥ് എം സി | 105077 | 15236 | | 15236 |
| | | 1976361 | | | 286602 |

മേൽ കരാറുകാർ മെറ്റീരിയൽ അംഗീകൃത വിതരണ/ ക്വാറികളിൽ നിന്ന് വാങ്ങി ഗ്രാമപഞ്ചായത്തിന് വിതരണം ചെയ്യുകയാണ് ഉണ്ടായത്. കരാറുകാരൻ സമർപ്പിച്ച മെറ്റീരിയലിന്റെ വിതരണ ബില്ലിൽ നിന്ന് ഇതു വ്യക്തമാകുന്നു. സാധനസാമഗ്രികൾ വിതരണം ചെയ്യുന്ന കാര്യത്തിൽ കരാറുകാരൻ ബിനാമിയായി പ്രവർത്തിച്ചു എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. അപാകതക്ക് വിശദീകരണം നൽകേണ്ടതും വാറ്റ് ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

## 3-4 ലോകബാങ്ക് ധനസഹായം -പദ്ധതി പണം പാഴായി

2016-17 വർഷം കെ. എൽ. ജി. എസ്. ഡി. പി .ഗ്രാൻഡ് ഇനത്തിൽ പിന്നോക്കമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് അധികധനസഹായം എന്ന നിലയ്ക്ക് രണ്ടുകോടി രൂപ ക്ലത്താളി ഗ്രാമപഞ്ചായത്ത് ലഭിച്ചിട്ടുണ്ട്. (കേന്ദ്രസഹായം 12000000, സംസ്ഥാന സഹായം 80 ലക്ഷം) മേൽ ഫണ്ട് 5 പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് വകയിരുത്തി ചെലവഴിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ പേര്/പ്രോജക്റ്റ് നം | അടങ്കൽ | ചെലവഴിച്ച |
|---|---|---|---|

| നം | | (ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ) | തുക |
|---|---|---|---|
| 1 | ആയുർവേദ ആശുപത്രി കെട്ടിട നിർമാണം 129/17 | 4835000 | 3840237 |
| 2 | അഗ്രോ സർവീസ് സെന്റർ നിർമാണം 130/17 | 2750000 | 2226104 |
| 3 | തെരു അംഗൻവാടി കെട്ടിട നിർമാണം | 2690000 | 2203799 |
| 4 | സുരഭി അംഗൻവാടി കെട്ടിട നിർമാണം 128/17 | 2825000 | 2162840 |
| 5 | കണ്ണോത്ത് സ്കൂൾ- പാറാടികുന്ന് റോഡ് പ്രവൃത്തി 131/17 | 6900000 | 4911629 |
| | | 20000000 | 15344609 |

ഈ പദ്ധതികളെല്ലാം തന്നെ അസിസ്റ്റന്റ് എൻജിനീയർ മുഖേന നിർവഹണം ചെയ്യുവയാണ്. ഫയൽ, മറ്റു രേഖകൾ (ഡി പി ആർ)എന്നിവ ഉൾപ്പെടെ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകത കാണുന്നു.

1) തനത് വരവിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്ത് എന്ന നിലക്കാണ് കൂത്താളി ഗ്രാമപഞ്ചായത്തിന് ലോകബാങ്ക് സ്പെഷ്യൽ അസിസ്റ്റന്റ് എന്ന നിലക്ക് രണ്ടുകോടി രൂപ ധനസഹായം ലഭിച്ചത്. മേൽ വിവരിച്ച 5 പദ്ധതികൾക്കും 2016- 17 വർഷം തന്നെ സാങ്കേതിക അനുമതി ലഭിക്കുകയും 2017 ഫെബ്രുവരി മാസത്തിൽ തന്നെ ഈ -ടെൻഡറിലൂടെ കരാറുകാരെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. 2016 -17 വർഷം തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. 2017 -18 വർഷത്തിലാണ് 1,53,44,609 രൂപയും ചെലവഴിച്ചത് . 2017- 18 വർഷത്തേക്ക് വിനിയോഗ കാലാവധി ദീർഘിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് മേൽ തുക ചെലവഴിക്കാൻ സാധിച്ചത്. അവശേഷിക്കുന്ന തുകയായ 46,55,391 രൂപ സമയബന്ധിതമായി മറ്റ് പ്രവൃത്തികൾക്ക് വകയിരുത്തി 31.03.2018 നകം ചെലവഴിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വിനിയോഗ കാലാവധി ലാപ്സായി പോയിരിക്കുകയാണ്. വരുമാനം കുറഞ്ഞ പഞ്ചായത്തിന് ഇത്രയധികം തുക ലാപ്സായി പോയത് ഭരണതലത്തിൽ വന്ന വീഴ്ചയാണ്.

2 ) ഫെബ്രുവരി 2017 ന് പൂർത്തിയായ ടെണ്ടർ നടപടിക്രമത്തിൽ 1563000 രൂപ സേവിങ്ങ്സ് ലഭിച്ചത് മറ്റ് പദ്ധതികൾക്ക് ചെലവഴിക്കാൻ അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് 23 /2/ 2017 ന് പ്രിൻസിപ്പൽ സെക്രട്ടറി ,എൽ എസ് ജി ഡി, ലോകബാങ്ക് പ്രോജക്റ്റ് ഡയരക്ടർക്ക് 15/3/17 നം കത്തയച്ചെങ്കിലും അനുമതി ലഭ്യമായില്ല . 5 റോഡ് പ്രവൃത്തികൾക്ക് അവശേഷിക്കുന്ന ഫണ്ട് വകയിരുത്തി ഭരണസമിതിയുടെ 18.02. 2017ലെ 120(3) /17 നമ്പർ തീരുമാനം കൈകൊണ്ടിട്ടുണ്ട്. എന്നാൽ സർക്കാരിൽ നിന്ന് അനുകൂല ഉത്തരവ് സമ്പാദിച്ച എടുക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. അങ്ങിനെയെങ്കിൽ ലാപ്സായിപോയ 4655391 രൂപയിൽ മേൽ 5 പദ്ധതികൾക്ക് വകയിരുത്തിയ 18 ലക്ഷം രൂപ വിനിയോഗിക്കാൻ കഴിഞ്ഞേനെ.

3) മേൽ 5 പ്രവൃത്തികളും ഇ- ടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് പ്രവൃത്തി അനുവദിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര്/പ്രോജക്റ്റ് നം | ടെണ്ടർ തിയതി | കുറവ് ക്വാട്ട് ചെയ്ത തുക | കരാറുകാരൻ | അടങ്കൽ തുക |
|---|---|---|---|---|---|
| 1 | ആയുർവേദ ആശുപത്രി കെട്ടിട നിർമാണം 129/17 | 13-02-2017 | 3893067.47 | മഹേശ്വര കൺസ്ട്രക്ഷൻ | 4835000 |
| 2 | അഗ്രോ സർവീസ് സെന്റർ നിർമാണം 130/17 | 17-02-2017 | 2136251.03 | എം എം ബാലകൃഷ്ണൻ | 2750000 |
| 3 | തെരു അംഗൻവാടി കെട്ടിട നിർമാണം | 06.03.2017 | 2168319.71 | എം എം സന്തോഷ് | 2690000 |
| 4 | സുരഭി അംഗൻവാടി കെട്ടിട നിർമാണം 128/17 | 17-02-2017 | 2136694.64 | എം എം സന്തോഷ് | 2825000 |
| 5 | കണ്ണോത്ത് സ്കൂൾ- പാറാടിക്കുന്ന് റോഡ് പ്രവൃത്തി 131/17 | 13.02.2017 | 5892606.25 | സി അനിൽകുമാർ | 6900000 |
| | | | 16226939.10 | | 20000000 |

മരാമത്ത് പ്രവൃത്തികളിൽ കെട്ടിടനിർമ്മാണത്തിന് അനുബന്ധ പ്രവൃത്തികളായ ഇലക്ട്രിഫിക്കേഷൻ , പ്ലംബിങ് എന്നിവക്കായി 1016512 രൂപ അടങ്കലിൽ വകയിരുത്തിയിട്ടുണ്ട്. 5 കരാറുകാർ ക്വാട്ട് ചെയ്ത ആകെത്തുകയായ 16226939 രൂപയും, അനുബന്ധ പ്രവൃത്തികൾക്ക് വകയിരുത്തിയ 1016512 രൂപയും ഉൾപ്പെടെ 17243451 രൂപ മാത്രം പദ്ധതികൾക്കായി മൊത്തം ചെലവ് വരുമെന്ന് വ്യക്തമായിരിക്കെ 2 കോടി രൂപ അടങ്കലിൽ 2756549രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക 2017 മാർച്ച് മാസത്തിൽ തന്നെ (സേവിങ്സ് ഇനത്തിൽ ലഭിച്ചതിനാൽ )വേറെ പദ്ധതികൾക്ക് വകയിരുത്താമായിരുന്നു . പകരം ഖണ്ഡിക 2 ൽ വ്യക്തമാക്കിയ പ്രകാരം 18 ലക്ഷം രൂപ മാത്രമാണ് ഉൾക്കൊള്ളിച്ചത്. ടെൻഡറിന് ശേഷം 2756549 രൂപയുടെ പുതിയ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നെങ്കിൽ ലാപ്സായ 4655391 രൂപയിൽ ഇത്രയും തുക ചെലവഴിക്കുമായിരുന്നു. ഈ-ടെണ്ടറിന് ശേഷം അതിലൂടെ ലഭിച്ച തുകയുടെ വിശദാംശം സമയാസമയങ്ങളിൽ അസിസ്റ്റന്റ് എൻജിനീയർ ഗ്രാമപഞ്ചായത്തിന് അറിയിക്കുന്നതിൽ വന്ന വീഴ്ചയാണ് ഇത്തരത്തിൽ കുറവ് തുകക്ക് പദ്ധതി വിഭാവനം ചെയ്യാൻ ഇടയായത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-5 ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം -പരാതി പരിഹരിച്ചതിലെ അപാകത

ഫയൽ 181/18

ഗ്രാമപഞ്ചായത്തിന്റെ ആയുർവേദ ആശുപത്രി കെട്ടിടം ഒമ്പതാം വാർഡിൽ താന്നിക്കണ്ടി പാലത്തിന് സമീപത്തായി നിർമ്മിച്ചിട്ടുണ്ട് വേൾഡ് ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച കെട്ടിടത്തിന് ഫൈനൽ ബിൽ തുക 3680673 രൂപ (ബിൽ 13/26.09.17 തുക 3232078,24/11.01.2018 തുക 448595) കരാറുകാരനായ മഹേശ്വര കൺസ്ട്രക്ഷൻസിനു അനുവദിച്ചിട്ടുണ്ട്. 31/ 1 /2018 ന് 58 പേരടങ്ങിയവർ പ്രവൃത്തി സംബന്ധിച്ച പരാതി ഗ്രാമപഞ്ചായത്തിൽ നൽകിയിട്ടുണ്ട്. കെട്ടിടത്തിലെ കോൺക്രീറ്റിൽ ചോർച്ച ഉള്ളതായി പരാതിയിൽ വ്യക്തമാക്കുന്നു . പരാതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകാൻ എഞ്ചിനീയറോട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 1 -2 -2018 ന് തീരുമാനിച്ചു .എൻജിനീയറുടെ 5- 2 -18 റിപ്പോർട്ടിൽ 02-02-2018 ന് അസിസ്റ്റന്റ് എൻജിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും കെട്ടിടം പരിശോധിക്കുകയും അപാകത പരിഹരിക്കുന്നതിനായി സ്ലാബിന് മുകളിൽ പരുക്കനാക്കി, ലീക്ക് പ്രൂഫ് കെമിക്കൽ ഉപയോഗിച്ച് സ്ലാബ് മുഴുവൻ പ്ലാസ്റ്റർ ചെയ്യാൻ കരാറുകാരനോട് നിർദ്ദേശിച്ചിട്ടുണ്ട് എന്നും ഫയലിൽ കാണുന്നു. തുടർന്ന് 18- 9 -2018 ന് അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ പരാതി പരിഹരിച്ചതായി അറിയിച്ചു . എന്നാൽ അത് പരിശോധിച്ച എൻജിനീയറുടെ നടപടിയും റിപ്പോർട്ടും അസിസ്റ്റന്റ് എക്സി .എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1 )2016 17 ൽ ആരംഭിച്ച 2017 -18 ൽ പൂർത്തിയായ ഈ പ്രവൃത്തി 2017-18 വർഷത്തിൽ തന്നെ ലീക്കായത് പണിയിലെ അപാകത മൂലമാണെന്ന് വ്യക്തമാണ്. ഇത് എങ്ങനെ സംഭവിച്ചു എന്ന് പരിശോധിക്കുന്നതിന് പകരം പരാതി പരിഹരിക്കാൻ മറ്റൊരു നിർദ്ദേശം നൽകിയ നടപടി ക്രമത്തിലല്ല.

2)പരാതിക്ക് അടിസ്ഥാനമായ വസ്തുതകൾ അസിസ്റ്റന്റ് എൻജിനീയറും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറും ഒന്നിച്ചു പരിശോധിക്കുകയും, ലീക്കേജ് പരിഹരിച്ചത് അസിസ്റ്റന്റ് എൻജിനീയർ മാത്രം പരിശോധിച്ച് ഉറപ്പു വരുത്തുന്നത് ക്രമത്തിലല്ല . മെറ്റീരിയൽ ഉപയോഗിക്കുന്നത് സംബന്ധിച്ചും, ക്വാളിറ്റിയും ചെക്ക് മെഷർമെന്റും നടത്തേണ്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പരാതി പരിഹരിച്ചത് പരിശോധിച്ച് ഉറപ്പുവരുത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-6 പെർഫോമൻസ് ഗ്യാരണ്ടി, അഡീഷനൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവ വാങ്ങുന്നതിൽ കുറവ്

തദ്ദേശ മിത്രം പദ്ധതിയിലൂടെ നടപ്പാക്കിയ 5 പദ്ധതികൾക്ക് പെർഫോമൻസ് ഗ്യാരണ്ടി ,അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവ ഈടാക്കുന്നതിൽ കുറവ് വന്നതായി കാണുന്നു .ജി.ഒ.(പി) 429/ 15 ധന. തിയതി 28/09/2015 പ്രകാരം ഒരു പ്രവൃത്തി ടെണ്ടർ ചെയ്യുമ്പോൾ കരാറുകാരനിൽ നിന്ന് പെർഫോമൻസ് ഗ്യാരണ്ടിയായി കോൺട്രാക്റ്റ് വാല്യൂ(എഗ്രീഡ് പി എ സി)യുടെ അഞ്ച് ശതമാനം തുക ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്. പ്രസ്തുത തുകയുടെ പകുതി ട്രഷറി ഡെപോസിറ്റായും പകുതി ബാങ്ക് ഗ്യാരണ്ടിയായും ഈടാക്കണമെന്നും നിഷ്കർഷിക്കുന്നു . കൂടാതെ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഇനത്തിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10% കുറവിനേക്കാൾ അധികം ക്വാട്ട് ചെയ്യുന്ന ഓരോ ശതമാനത്തിലും പ്രസ്തുത പി എ സിയുടെ അതെ ശതമാനത്തിൽ തുകയും ഡെപ്പോസിറ്റ് ചെയ്യിക്കേണ്ടതാണ്. കുറവായി ഈടാക്കിയ ഡെപ്പോസിറ്റ് സംബന്ധിച്ച് വിശദാംശം താഴെ കൊടുക്കുന്നു

പെർഫോമൻസ് ഗ്യാരണ്ടി

| ക്രമ നം | പ്രവൃത്തിയുടെ പേര്/കരാറുകാരൻ | എഗ്രീഡ് പി എ സി | 5%നിരക്കിൽ പെർഫോമൻസ് ഗ്യാരണ്ടി | പെർഫോമൻസ് ഗ്യാരണ്ടി അടവാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | അഗ്രോ സർവീസ് സെന്റർ നിർമാണം<br>എം എം ബാലകൃഷ്ണൻ | 2136251.03 | 106813 | 100000 | 6813 |
| 2 | ആയുർവേദ ആശുപത്രി കെട്ടിട നിർമാണം<br>മഹേഷ്വര കൺസ്ട്രക്ഷൻ | 3893067.43 | 194653 | 100000 | 94653 |
| 3 | കണ്ണോത്ത് സ്കൂൾ-പാറാടിക്കുന്ന് റോഡ് പ്രവൃത്തി<br>സി അനിൽകുമാർ | 5892606.25 | 294630 | 100000 | 194630 |
| 4 | സുരഭി അംഗൻവാടി കെട്ടിട നിർമാണം<br>എം എം സന്തോഷ് | 2136694.64 | 106835 | 100000 | 6835 |
| 5 | തെരു അംഗൻവാടി കെട്ടിട നിർമാണം | 2168319.71 | 108416 | 100000 | 8416 |
| | | | | | 311347 |

അഡീഷനൽ പെർഫോമൻസ് ഗ്യാരണ്ടി

| ക്രമ നം | പ്രവൃത്തിയുടെ പേര്/കരാറുകാരൻ | ടി എസ് അമൗണ്ട്/ ഇ ടെണ്ടർ തുക | ടെണ്ടർ കുറവ് | ഈടാക്കേണ്ട അഡീഷനൽ പെർഫോമൻസ് ഗ്യാരണ്ടി |
|---|---|---|---|---|
| 1 | അഗ്രോ സർവീസ് സെന്റർ നിർമാണം<br>എം എം ബാലകൃഷ്ണൻ | 2750000/<br>2136251.03 | 22.32% | 2136251.03x 12.32/100=263186 |
| 2 | ആയുർവേദ ആശുപ്പത്രി കെട്ടിട നിർമാണം<br>മഹേഷ്വര കൺസ്ട്രക്ഷൻ | 4525000/<br>3893067.43 | 13.97% | 3893067.43 x 3.97/100=154555 |
| 3 | കണ്ണോത്ത് സ്കൂൾ-പാറാടിക്കുന്ന് റോഡ് പ്രവൃത്തി<br>സി അനിൽകുമാർ | 6900000/<br>5892606.25 | 14.6% | 5892606.25x 4.6/100=271060 |
| 4 | സുരഭി അംഗൻവാടി കെട്ടിട നിർമാണം<br>എം എം സന്തോഷ് | 2402500/<br>2136694.64 | 11.06% | 2136694.64x 1.06/100=22649 |
| 5 | തെരു അംഗൻവാടി കെട്ടിട നിർമാണം<br>എം എം സന്തോഷ് | 2435500/<br>2168319.71 | 10.97% | 2168319.71x 0.97/100=21033 |
| | | | | 732483 |

ഇത്തരത്തിൽ മേൽ 5 പ്രവൃത്തികളിൽ ആയി പെർഫോമൻസ് ഗ്യാരണ്ടിയിനത്തിൽ 311347രൂപ ഈടാക്കിയതിൽ കുറവുണ്ട്. ടെണ്ടർ ഉറപ്പിക്കുന്ന സമയത്തെ അസിസ്റ്റൻറ് എൻജിനീയർ കരാറുകാർക്ക് അയച്ച കത്തിൽ ഒരുലക്ഷംരൂപ പെർഫോമൻസ് ഗ്യാരണ്ടി അടക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാർ ഒരുലക്ഷം മാത്രം അടവാക്കിയത്. ഇത്തരത്തിൽ നിർദ്ദേശം നൽകുന്നതിനാധാരമായ ഉത്തരവ് ലഭ്യമാണെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. ഇതിൽ അമ്പതിനായിരം രൂപ ബാങ്ക് ഗ്യാരണ്ടി അടച്ചത് ദേശസാൽകൃത ബാങ്കിലല്ല. വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം | കരാറുകാരന്റെ പേര് | പ്രവൃത്തി | ഒടുക്കിയ ബാങ്ക് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | എം എം സന്തോഷ് കുമാർ | സുരഭി/തെരു അംഗൻവാടി കെട്ടിട നിർമാണം | ചക്കിട്ടപ്പാറ സർവീസ് സഹകരണ ബാങ്ക് |
| 2 | മഹേഷ്വര കൺസ്ട്രക്ഷൻ | ആയുർവേദ ആശുപ്പത്രി കെട്ടിട നിർമാണം | ഫെഡറൽ ബാങ്ക് |

മേൽ ഉത്തരവ് പ്രകാരം സമർപ്പിക്കുന്ന പെർഫോമൻസ് ഗ്യാരണ്ടിയുടെ 50 ശതമാനം തുക പിഡബ്ല്യുഡി മാനുവലിൽ നിഷ്കർഷിക്കുന്ന വിധം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാനുവലിൽ ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കാനാണ് വ്യക്തമാക്കിയത്. മതിയായ പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കാത്തതിനും, അഡീഷനൽ പെർഫോർമൻസ് ഗ്യാരണ്ടി തീരേ ഈടാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്..

## 3-7 തെരുവുവിളക്ക് സ്ഥാപിക്കൽ - മുഴുവൻ വിളക്കുകളും സ്ഥാപിച്ചതിന് രേഖയില്ല

പ്രൊജക്റ്റ് നമ്പർ : 45/18

വകയിരുത്തിയ തുക : 2,00,000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവുതുക : 1,97,200(ബിൽ നമ്പർ 182/17-18 തി 10.07.2017)

സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം 58 തെരുവുവിളക്കുകൾ(24 watts LED) അലൂമിന ഇലക്ട്രോണിക്സ് വാളാംതോട്,മലപ്പുറം എന്നസ്ഥാപനത്തിൽനിന്നും ടെണ്ടർ നടപടികളിലൂടെ വാങ്ങി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിവിധ വാർഡുകളിൽ (വാർഡ് 10 ഒഴികെ)സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതായി ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം 47 ലൈറ്റുകൾ സ്ഥാപിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 58 ലൈറ്റുകളിൽ ശേഷിക്കുന്ന 11 എണ്ണം സ്ഥാപിച്ചത് സംബന്ധിച്ച രേഖകളില്ല. കൂടാതെ, സ്ഥാപിച്ച ലൈറ്റുകൾ മുഴുവൻ പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ചുള്ള സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. തെരുവുവിളക്കുകൾ സ്ഥാപിച്ചത് കെ.എസ്.ഇ.ബിയുടെ മേൽനോട്ടത്തിലാണോ എന്നത് സംബന്ധിച്ച് രേഖയില്ല.

3. തെരുവ് വിളക്കിന് പ്രത്യേകമായി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ ഓരോ തെരുവ് വിളക്കും ഇനം തിരിച്ച് (എൽ ഇ ഡി , ട്യൂബ് മുതലായവ) രേഖപ്പെടുത്തുന്നില്ല.

മുഴുവൻ ലൈറ്റുകളും സ്ഥാപിച്ച് ലൈറ്റുകൾ പ്രവർത്തന ക്ഷമമാക്കിയതിന്റ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയും, ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-8 കറവ പശു വിതരണം(വനിത)- ഗുണഭോക്തൃലിസ്റ്റിലെ മുൻഗണന ക്രമം ലംഘിച്ച് പശുക്കളെ വിതരണം ചെയ്തു.

ക്ഷീരകർഷകർക്ക് കറവപ്പശുവിനെ നൽകി അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുക, ഗ്രാമ പഞ്ചായത്തിലെ പാലുൽപ്പാദനം വർദ്ധിപ്പിക്കുകഎന്നിവ ലക്ഷ്യം വച്ച് നടപ്പാക്കിയ പദ്ധതിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം. | 28/18 | | |
| അടങ്കൽ | 3,25,000/- | വികസനഫണ്ട്(ജനറൽ) | |
| | 3,90,000/- | ഗുണഭോക്തൃ വിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്) | |
| ചെലവ് തുക | 3,00,000 | 25,000 | 2/17-18 തീ. 17.01.2018 |

| | | | |
|---|---|---|---|
| | | 1,00,000 | 3/17-18 തീ. 17.01.2018 |
| | | 50,000 | 4/17-18 തീ. 20.02.2018 |
| | | 50,000 | 7/17-18 തീ. 09.03.2018 |
| | | 50,000 | 8/17-18 തീ. 21.03.2018 |
| | | 25,000 | 9/17-18 തീ. 23.03.2018 |
| | 3,60,000 | ഗു. വി | |
| ആകെ ചെലവ് | 6,60,000 | | |

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി 13 പശുക്കളെ വിതരണം ചെയ്യുന്നതിന് ഗുണഭോക്തൃ വിഹിതം ഉൾപ്പടെ 7,15,000/- രൂപ വകയിരുത്തിയതിൽ 12 പശുക്കളെ വാങ്ങിക്കുന്നതിനുമായി 6,60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു പശുവിന് 50% സബ്സിഡി അഥവാ പരമാവധി 25,000/- രൂപ, ഗുണഭോക്തൃ വിഹിതം 30,000/- രൂപ എന്നിങ്ങനെയാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നൽകിയത് 200 പേർ ഉൾപ്പെടുന്ന ഗുണഭോക്തൃ ലിസ്റ്റിൽ മെയിൻ ലിസ്റ്റ് 13, സപ്ലിമെന്ററി ലിസ്റ്റ് 187 എന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്. മെയിൻ ലിസ്റ്റ് മാർക്കിന്റെ മുൻഗണന അടിസ്ഥാനത്തിലും, സപ്ലിമെന്ററി ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിലുമാണ് തയ്യാറാക്കിയിരിക്കുന്നത്. സ.ഉ(എം.എസ്) 80/2017/ത.സ്വ.ഭ. വ തീ. 03.04.2017 ഖ.20(2) പ്രകാരം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ടത് എങ്ങിനെ ആയിരിക്കണമെന്ന് പരാമർശിക്കുന്നുണ്ട്. മേൽ ഉത്തരവിലെ ഖ. 20(8) പ്രകാരം ഓരോ വാർഡിലെയും ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി മാർക്കിന്റെ മുൻഗണനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി തദ്ദേശഭരണസ്ഥാപനതല ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നുണ്ട്. ലിസ്റ്റിലെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ മുൻഗണന ക്രമം മറികടന്ന് പശുക്കളെ വിതരണം ചെയ്തതായി കാണുന്നു. ആനുകൂല്യം കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | ഗുണഭോക്തൃലിസ്റ്റിലെ ക്രമനമ്പർ |
|---|---|---|---|
| 1 | ഷൈമ കോറോത്ത് | 10 | 4 |
| 2 | സാറ താഴെ നടുപറമ്പിൽ | 5 | 13 |
| 3 | മെഴ്സി ബേബി | 8 | 3 |
| 4 | ശാന്ത നടുപറമ്പിൽ | 13 | 12 |
| 5 | പ്രസന്ന കുറവട്ടേരി മീത്തൽ | 3 | 34 (സപ്ലിമെന്ററി ലിസ്റ്റ്) |
| 6 | പ്രേമ മുത്തോറേമ്മൽ | 7 | 2 |
| 7 | കല്യാണി കിണറുള്ളകണ്ടി | 4 | 46 (സപ്ലിമെന്ററി ലിസ്റ്റ്) |
| 8 | രഗിത കോറോത്ത് മീത്തൽ | 11 | 158 (സപ്ലിമെന്ററി ലിസ്റ്റ്) |
| 9 | സരസ തറവട്ടത്ത് | 9 | 135 (സപ്ലിമെന്ററി ലിസ്റ്റ്) |
| 10 | ജാനു പാലക്കുൽ തറയിൽ | 2 | 6 |
| 11 | പത്മാവതി നടുവിലക്കണ്ടി | 12 | 9 |
| 12 | പാത്തുമ്മ കളരിക്കൽ | 6 | 1 |

ഗുണഭോക്തൃ ലിസ്റ്റിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഒഴികെ ലിസ്റ്റിലുള്ള ആനുകൂല്യം കൈപ്പറ്റാത്ത

ഗുണഭോക്താക്കൾ ഒന്നംതന്നെ തങ്ങൾക്ക് ആനുകൂല്യം ആവശ്യമില്ലെന്ന് എഴുതി നൽകിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്തൃലിസ്റ്റിലെ ക്രമനമ്പർ |
|---|---|---|
| 1 | സരോജിനി അമ്മ, കോട്ടപ്പറമ്പിൽ | 7 |
| 2 | കമലാക്ഷി അമ്മ, ചാത്തങ്കോട്ട് | 33(സപ്ലിമെന്ററി ലിസ്റ്റ്) |
| 3 | ശോഭന. കെ, ഒറവുണ്ടൻ ചാലിൽ | 10 |
| 4 | പാർവ്വതി അമ്മ, അമ്പാട്ട് മൂലയിൽ | 11 |
| 5 | കാർത്യായനി അമ്മ, തരിപ്പേമ്മൽ | 133 (സപ്ലിമെന്ററി ലിസ്റ്റ്) |
| 6 | സരോജിനി അമ്മ, പുത്തൻ പുരയിൽ | 8 |
| 7 | ചിരുതേയി അമ്മ | 134 (സപ്ലിമെന്ററി ലിസ്റ്റ്) |

മെയിൻ ലിസ്റ്റിൽ ക്രമ നം. 7, 8, 10, 11പ്രകാരമുള്ളവർ തങ്ങൾക്ക് ആനുകൂല്യം ആവശ്യമില്ല എന്ന് എഴുതി നൽകിയിട്ടുണ്ട്. എന്നാൽ ലിസ്റ്റിൽ ക്രമ നം. 5 ആയി ഉൾപ്പെട്ട ശ്രീമതി. കദീശ എരവട്ടുകണ്ടി(80 മാർക്ക് ) എന്നവരെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല. തുടർന്ന് സപ്ലിമെന്ററി ലിസ്റ്റിൽ ക്രമ നം. 34, 46, 135, 158 എന്നിവർക്കാണ് ആനുകൂല്യം നൽകിയത്. സപ്ലിമെന്ററി ലിസ്റ്റിൽ പെട്ട ക്രമ നം. 33, 133, 134 മാത്രമാണ് ആനുകൂല്യം ആവശ്യമില്ല എന്നെഴുതി നൽകിയത്.

ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന തെറ്റിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല. ബന്ധപ്പെട്ട പ്രൊജക്ടിന്റെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട മൃഗസംരക്ഷണം -ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിലുള്ള അപാകത സംബന്ധിച്ച് പരിശോധന നടത്തിയതായോ , വർക്കിംഗ് ഗ്രൂപ്പ് മീറ്റിങ്ങിൽഇത്തരം അപാകതകളെ സംബന്ധിച്ച് ചർച്ചകൾ നടന്നതായോ കാണുന്നില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, മുൻഗണനക്രമം തെറ്റിച്ച് ആനുകൂല്യം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

## 3-9 കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ അവസ്ഥാ രേഖ (Status Report)പ്രകാരം കാർഷിക മേഖലയിലെ അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ആകെ ഭൂവിസ്തൃതി | 14.13 Sq.km |
| കൃഷിക്ക് അനുയോജ്യമായ വിസ്തൃതി | 1300 ha |
| കൃഷി ചെയ്യുന്ന വിസ്തൃതി | 1100ha |
| തരിശ് ഭൂമി | 210 ha |
| കൃഷിയോഗ്യമായത് | 10 ha |
| കൃഷി യോഗ്യമല്ലാത്തത് | 200 ha |
| കാർഷികേതര ഭൂമി | 1500ha |
| നെൽവയൽ | 70ha |
| കൃഷിചെയ്യുന്നത് | 65 ha |

| | |
|---|---|
| കൃഷി യോഗ്യമാണെങ്കിലും ചെയ്യാത്തത് | 10 |

കൃഷിക്ക് ആശ്രയിക്കുന്ന പ്രധാന ജലസ്രോതസ്സ് 18 k.m വിസ്തൃതിയുള്ള സർക്കാർ കനാൽ, സ്വകാര്യ കിണറുകൾ എന്നിവയെ ആണ്. 2017-18 വർഷത്തിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 1/18 | തെങ്ങുകൃഷിക്ക് വളപ്രയോഗം | 6,39,227 | 4,79,420 |
| 2 | 3/18 | ഇടവിളകൃഷി വികസനം | 2,50,000 | 2,50,000 |
| 3 | 4/18 | പച്ചക്കറിവിത്ത് വിതരണം | 23,750 | 23,750 |
| 4 | 5/18 | നേന്ത്രവാഴക്കന്ന് വിതരണം | 2,57,348 | 2,57,348 |
| ആകെ | | | 11,70,325 | 10,10,518 |

1. അന്തിമ പദ്ധതി രേഖ പ്രകാരം നെൽകൃഷിയ്ക്ക് കൂലിച്ചെലവ് നൽകുന്നതിനായി വികസന ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ യഥാക്രമം 3,40,000/- രൂപ, 6,80,000/- രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. ഐ.കെ.എം ചെലവ് പത്രിക പ്രകാരം 3,40,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പ് മിനട്ട്സ് പരിശോധിച്ചതിൽ, 03.04.2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നെൽവയലുകൾ 3 തരം കൃഷി ചെയ്യുന്ന അവസ്ഥയിലേക്ക് എത്തിക്കുക, നെൽക്കൃഷിക്ക് ഉൽപ്പാദന ചെലവ് നൽകുക എന്നീ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ തുടർന്നു വരുന്ന യോഗങ്ങളിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങളോ ചർച്ചകളോ ഉണ്ടായിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 70 ഹെക്ടർ നെൽവയൽ ഉള്ളതിൽ 65 ഹെക്ടർ നെൽവയൽ കൃഷി യോഗ്യമാണ്.

2) ജി.ഒ (എം.എസ്) 72/17/ തസ്വഭവ തിയ്യതി 09-03-2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം കാർഷിക മേഖലയിൽ മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം നീർത്തട പരിപാലനം. വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ പ്രോൽസാഹിപ്പിക്കേണ്ടതാണ് .എന്നാൽ ഇത് പ്രകാരം പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടില്ല.

3) തരിശു ഭൂമിയിൽ കൃഷി ചെയ്യിപ്പിക്കുന്നതിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 210 ഹെക്ടർ തരിശുഭൂമിയിൽ 10 ഹെക്ടർ കൃഷി യോഗ്യമായ ഭൂമിയാണ്. ഇതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതും അല്ലാത്തതുമായ ഭൂമി കൃഷിയ്ക്ക് പ്രയോജനപ്പെടുത്തുന്നതിൽ ഓഡിറ്റ് വർഷത്തിൽ നടപടി സ്വീകരിയ്ക്കുകയോ പദ്ധതി നടപ്പിലാക്കുകയോ ചെയ്തതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 മൂന്നാം പട്ടിക പ്രകാരമുള്ള കൃഷി, മണ്ണ് സംരക്ഷണം, ചെറുകിട ജലസേചനം , സാമൂഹ്യ വനവൽക്കരണം എന്നീ മേഖലാ ചുമതലകൾ നിർവ്വഹിക്കേണ്ടത് വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയാണ്(വകുപ്പ് 162A(ii)) പദ്ധതി ആസൂത്രണം മുതൽ അന്തിമ ഘട്ടം വരെ മുഖ്യ പങ്ക് വഹിക്കേണ്ട വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-10 സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം അടവാക്കുന്നു

പ്രൊജക്റ്റ് നം. : 12/18

അടങ്കൽ : 1,70,000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം )

ചെലവ് തുക : 1,35,630/-

31 കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 13563/- രൂപ ജലഅതോറിറ്റിയിൽ ഒടുക്കി വരുന്നുണ്ട്. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തുവാൻ 23.06.2006 ലെ (ആർ.ടി)1501/2006/ത.സ്വ.ഭ.വ, 30.05.2009 ലെ (സാ)1275/ 2009/ ത.സ്വ.ഭ.വ, 28.09.2011 (ആർ.ടി)2242/2011/ത.സ്വ.ഭ.വ. എന്നീ നമ്പർ ഉത്തരവുകളിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സംയുക്തപരിശോധന നടത്താതെയാണ് ഗ്രാമ പഞ്ചായത്ത് വെള്ളക്കരം ഒടുക്കി വരുന്നത്. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. ജല അതോറിറ്റിയുമായി ആവശ്യമായ കത്തിടപാടുകൾ

നടത്തി ഉപയോഗിക്കുന്ന കുടിവെള്ള ടാപ്പുകൾക്ക് മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പാക്കാനാവശ്യമായ സംയുക്ത പരിശോധന നടത്തി അറിയിക്കേണ്ടതാണ്.

## 3-11 വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകത-പ്രൊക്യുയർമെന്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും, പ്രവൃത്തികൾ നിർവ്വഹിക്കുമ്പോഴും സുതാര്യത നിലനിർത്തുന്നതിനും, ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 08.11.2010ലെ(പി) 259/2010/ത.സ്വ.ഭ.വ നമ്പരായി സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് പ്രകാരം വാങ്ങലിന്റെ ആവശ്യകത തിരിച്ചറിയുക, സാധനങ്ങളുടെ തരം, മൂല്യം, സ്പെസിഫിക്കേഷൻ എന്നിവ തീരുമാനിക്കൽ, വിതരണക്കാരെയും സേവനദാതാവിനെയും തിരിച്ചറിയുക, ബജറ്റിൽ തുക ഉറപ്പാക്കുക, പ്രൊക്യുയർമെന്റ് പദ്ധതി തയ്യാറാക്കുക എന്നീ നടപടിക്രമങ്ങൾ പാലിച്ചുവേണം ഓരോ വർഷത്തേക്കും ആവശ്യമായ സാധനങ്ങൾ വാങ്ങിക്കാൻ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പാക്കുന്നതിനും പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറേക്കേണ്ടത് അനിവാര്യമാണ്. സ്ഥാപനത്തിൽ ഇതിനായി ടെക്നിക്കൽ ടീം, പ്രൊക്യൂർമെന്റ് ടീം, പ്രൊക്യൂർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതുണ്ട്. ടെക്നിക്കൽ ടീം(വർക്കിംഗ് ഗ്രൂപ്പ്) ആണ് സാധനങ്ങളുടെ ആവശ്യകതയും, സ്പെസിഫിക്കേഷനും അടക്കം പ്രഥമികകാര്യങ്ങൾ തീരുമാനിക്കേണ്ടതെങ്കിൽ, ഇവ കൃത്യമായി പ്രൊക്യൂർമെന്റ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതും, മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടിക്രമങ്ങൾ ഉറപ്പുവരുത്തേണ്ടതും പ്രൊക്യൂർമെന്റ് ടീം ആണ്.

എന്നാൽ പ്രോക്യൂർമെന്റ് പ്ലാനും ബഡ്ജറ്റുമില്ലാതെ പല നിരക്കിൽ പല രീതിയിലാണ് ഗ്രാമ പഞ്ചായത്തിൽ വാങ്ങലുകൾ നടത്തുന്നത് എന്ന് വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വർഷാരംഭത്തിൽ തന്നെ ആ വർഷത്തെ ആകെ ആവശ്യകതയും ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും നിർണ്ണയിച്ച് സുതാര്യമായ വാങ്ങലുകൾ നടത്തിയതായി കാണുന്നില്ല. ഒരേയിനം സാധനങ്ങൾ വാങ്ങുന്നതിന് വിവിധ ക്വട്ടേഷനുകൾ ക്ഷണിക്കുന്നതായും വ്യത്യസ്ത നിരക്കിൽ ഒരേ/വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതായും കാണുന്നു. ഉദാ:-

2017-18 കാലയളവിൽ നിർവ്വഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ(PHC)(31/18), ഐ.സി.ഡി.എസ് സൂപ്പർവൈസർ(104/18), സെക്രട്ടറി(149/18) എന്നിവർ അവരവരുടെ ഓഫീസിലേയ്ക്കുള്ള കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ഈ വാങ്ങലുകളെല്ലാം ക്വട്ടേഷൻ നടപടിയിലൂടെയും, ഐ.സി.ഡി.എസ് സൂപ്പർവൈസർ, സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഒരേ സ്ഥാപനത്തിൽ നിന്നും, മെഡിക്കൽ ഓഫീസർ ഇതിൽ നിന്നും വ്യത്യസ്തമായി മറ്റോരു സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നതെന്നും വ്യക്തമാകുന്നു. പ്രൊക്യുയർമെന്റ് കമ്മറ്റി മിനട്ട്സ് പരിശോധിച്ചതിൽ ഇവയിൽ സെക്രട്ടറി നടപ്പാക്കിയ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് ക്വട്ടേഷൻ വിളിക്കുന്നതിന് നിർവ്വഹണോദ്യഗസ്ഥനെ ചുമതലപ്പെടുത്തി 02/2017-18 തീ. 22.12.2017 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് ക്വട്ടേഷൻ അംഗീകരിച്ചതുമായി ബന്ധപ്പെട്ട് തീരുമാനങ്ങളില്ല. മറ്റ് രണ്ട് നിർവ്വഹണോദ്യഗസ്ഥരുടെ വാങ്ങലുകൾ സംബന്ധിച്ച് തീരുമാനങ്ങളില്ല.

പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ വാങ്ങലുകളിൽ കമ്മറ്റി ഫലപ്രദമായി ഇടപെടുന്നതായി കാണുന്നില്ല. ഉദാ:-കറവപ്പശു വിതരണം (പ്രൊജക്റ്റ് നം. 28/18 വെറ്ററിനറി സർജൻ)

സ.ഉ(എം.എസ്)80/17/ത.സ്വ.ഭ.വ തീ.03.04.2017 ഖ.8.2 കുറിപ്പ് 3 പ്രകാരം വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപെഴ്സൺ അദ്ധ്യക്ഷനായും, വെറ്ററിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്നും 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മറ്റി പഞ്ചായത്ത് പ്രൊക്യുയർമെന്റ് കമ്മറ്റി അംഗീകാരത്തോടെ വേണം പശുവിനെ വാങ്ങിക്കേണ്ടതെന്നും നിഷ്കർഷിക്കുന്നുണ്ട്. ഇവിടെ പർച്ചെയ്സ് കമ്മറ്റിയുടെ വാങ്ങലുകൾ പ്രൊക്യുയർമെന്റ് കമ്മറ്റി അംഗീകരിച്ചിട്ടില്ല.

മേൽവിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വാങ്ങൽ നടപടി ക്രമങ്ങൾ സുതാര്യവും ഫലപ്രദവുമാക്കാനും ആയതിൽ പ്രോക്യൂർമെന്റ് കമ്മറ്റിയുടെ പങ്കാളിത്തം ഉറപ്പു വരുത്താനും സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-12 രോഗ പ്രതിരോധം - ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നം. : 32/18

അടങ്കൽ : 50,000/- (കേന്ദ്രാവിഷ്കൃതം)

ചെലവ് : 32,000/-(വിവരം ലഭ്യമല്ല)

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(PHC)

അംഗൻവാടികളിലും സ്കൂളുകളിലും മാസത്തിൽ 3 ദിവസം വീതം കുത്തിവെയ്പ്പ് നടത്തുന്നതിനായുള്ള യാത്ര, പൾസ് പോളിയോ പരിപാടിയുടെ നടത്തിപ്പ് എന്നിവയ്ക്കായി വാഹന വാടക എന്നിവയ്ക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ പദ്ധതിയ്ക്കായി ചെലവഴിച്ചത് ഏത് ഫണ്ടാണ് എന്നത് സംബന്ധിച്ച് വ്യക്തതയില്ല. ചെലവ് പത്രികയിൽ ഈ പദ്ധതിക്ക് ചെലവ് രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റിൽ കേന്ദ്രാവിഷ്കൃത ഫണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 'ട്രഷറി ബിൽ ബുക്ക് പരിശോധിച്ചതിൽ, ട്രഷറിയിൽ ബിൽ സമർപ്പിച്ചതായും ബിൽ Objection ആയതായും കാണുന്നു. ചെലവിന്റെ വിശദാംശം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് സംബന്ധിച്ച് വിശദവിവരം പ്രഥമമറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-13 ക്ഷീര കർഷകർക്ക് പാലളവിന് ഇൻസന്റീവ് - ക്ഷീരസംഘങ്ങളുടെ അക്കൗണ്ടിൽ തുക വിനിയോഗിക്കാതെ ശേഷിക്കുന്നു

ഡയറി ഫാം ഇൻസ്ട്രക്ടർ 2017 -18 വർഷത്തിൽ നടപ്പാക്കിയ പ്രോജക്റ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം | 6/18 | |
|---|---|---|
| വകയിരുത്തിയ തുക | 1,00,000/- | വികസന ഫണ്ട് (ജനറൽ) |
| | 2,00,000/- | ബ്ലോക്ക് വിഹിതം |
| | 1,00,000/- | ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് തുക | 1,00,000/- | ബിൽ നം. 1/17-18 തീ. 26.02.2018 |
| | 2,00,000/- | ചെക്ക് നം. 3781504/27.02.2018 |
| | 1,00,000/- | ചെക്ക് നം. 3781505/27.02.2018 |

ക്ഷീര സംഘത്തിൽ അളക്കുന്ന പാലിന്റെ അളവ് കണക്കാക്കി ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് പരമാവധി 4/- രൂപ(ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പടെ) ബാങ്ക് അക്കൗണ്ട് വഴി ഇൻസെന്റീവ് അനുവദിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഗ്രാമ, ബ്ലോക്ക് , ജില്ലാ പഞ്ചായത്ത് വകയിരുത്തുന്ന തുകയുടെ ആനുപാതിക നിരക്കിൽ ധനസഹായം നൽകുന്നു. വികസന ഫണ്ട്, ബ്ലോക്ക്, ജില്ലാ വിഹിതങ്ങൾ വിവിധ ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേക്ക് മാറ്റിയ ശേഷമാണ് ബന്ധപ്പെട്ട ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക കൈമാറിയത്. ഗ്രാമ പഞ്ചായത്തിലെ നന്ദിനി, പാണ്ടിക്കോട്, തണ്ടോറപ്പാറ എന്നീ 3 ക്ഷീര സംഘങ്ങളുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പേര് | വികസന ഫണ്ടിൽ നിന്നും കൈപ്പറ്റിയ തുക | ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും കൈപ്പറ്റിയ | ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും കൈപ്പറ്റിയ | ആകെ |
|---|---|---|---|---|
| നന്ദിനി | 17,500 | 34,999 | 17,500 | 69,999 |

| | | | | |
|---|---|---|---|---|
| പാണ്ടിക്കോട് | 41,682 | 83,365 | 41,682 | 1,66,729 |
| തണ്ടോറപ്പാറ | 40,818 | 81,636 | 40818 | 1,63,272 |

ക്ഷീര സംഘങ്ങളുടെ കണക്കുകൾ പ്രകാരം വിവിധ കാലയളവുകളിൽ അളന്ന പാലിലേക്കായി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് വകമാറ്റിയ സബ്സിഡി തുകകളുടെ വിവരം ചുവടെ ചേർക്കുന്നു. 2017 ഏപ്രിൽ മുതൽ 2017 നവംബർ വരെയുള്ള കാലയളവിൽ ലിറ്ററിന് 3 രൂ നിരക്കിലാണ് ഇൻസന്റീവ് നല്കിയത്. തുടർന്നുള്ള മാസങ്ങളിൽ ഇൻസന്റീവ് നല്കിയതായി കാണുന്നില്ല. ഓരോ സംഘങ്ങളും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| സംഘം | സംഘത്തിന് ലഭ്യമായ തുക | ഗുണഭോക്താക്കൾക്ക് കൈമാറിയ തുക | നീക്കിയിരിപ്പ് (സംഘത്തിന്റെ അക്കൗണ്ടിൽ) |
|---|---|---|---|
| നന്ദിനി | 69,999 | 69,999 | - |
| പാണ്ടിക്കോട് | 1,66,729 | 1,65,778 | 951 |
| തണ്ടോറപ്പാറ | 1,63,272 | 1,54,237 | 9,035 |

പാണ്ടിക്കോട്, തണ്ടോറപ്പാറ എന്നീ സംഘങ്ങൾ അധികം കൈപറ്റിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രൊജക്ട് മോണിട്ടർ വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ, മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പിലോ തുക വിതരണം ചെയ്യാതെ അവശേഷിക്കുന്നത് പരിശോധിക്കപ്പെട്ടതായോ, കാണുന്നില്ല. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുകയോ, അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് വിതരണം ചെയ്യാൻ നടപടികൾ കൈകൊള്ളുകയോ ചെയ്യേണ്ടതാണ്.

## 3-14 പൈതോത്ത് ജി.എൽ. പി സ്കൂളിന് സ്ഥലം വാങ്ങൽ– സ്ഥലം പഞ്ചായത്തിന്റ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടില്ല.

പ്രൊജക്ട് നമ്പർ : 125/18

വകയിരുത്തിയ തുക : 2,00,000/-(വികസനഫണ്ട്-ജനറൽ)

ചെലവുതുക : 2,00,000/-(2/17-18 തീ. 31.08.2017 (1,80,000/-), 2/17-18 തീ. 31.08.2017(20,000/-))

നിർവ്വഹണം : ഹെഡ് മാസ്റ്റർ

ഗ്രാമപഞ്ചായത്തിലെ ഗവ. എൽ.പി സ്കൂളിന് കളിസ്ഥലത്തിനായിട്ടാണ് സ്കൂൾ കെട്ടിടത്തോട് ചേർന്നുള്ള 2 സെന്റ് സ്ഥലം വാങ്ങിയത്. കൂത്താളി വില്ലേജിലെ പൈതോത്ത് റി.സർവ്വെ 31/1 ൽപ്പെട്ട സ്ഥലമാണ് ശ്രീ. സജീവൻ, കൗസ്തുഭം എന്നവരിൽ നിന്ന് വാങ്ങി സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്(11.08.2017). കൂത്താളി വില്ലേജ് ഓഫീസറുടെ വാല്വേഷൻ സർട്ടിഫിക്കറ്റ്(43/17 തീ. 25.03.2017) പ്രകാരം സെന്റ് ഒന്നിന് 72,000/- രൂപ നിരക്കിൽ 1,44,000/- രൂപ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 12.06.2017 ലെ 20(3 )നം. തീരുമാന പ്രകാരം ഇതിന്റെ 30% അധികമായി അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം ശ്രീ. സജീവൻ എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് 1,80,000/- രൂപ ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

എന്നാൽ മേൽ സ്ഥലം നാളിതുവരെ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററിൽ സ്ഥലം ഉൾപ്പെടുത്താത്തിന്റെ കാരണം വിശദമാക്കിയിട്ടില്ല. ഭൂമി പഞ്ചായത്ത് കൈവശത്തിൽ ആയതിനുശേഷം

നാളിതുവരെ നികുതി അടവാക്കിയതിന്റെ വിവരം അറിയിക്കേണ്ടതും, പഞ്ചായത്തിന്റെ ആസ്തികൾ മുഴുവൻ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-15 പി.എച്ച്.സി- യ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ– പദ്ധതിയിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചു

പ്രൊജക്റ്റ് നം. : 31/18

വകയിരുത്തിയ തുക : 50,000/-(മെയിന്റനൻസ് ജനറൽ)

ചെലവ് തുക : 50,000/-(10/17-18 തീ. 20.03.2018)

ഹെൽത്ത് സെന്റർ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായാണ് തുക വകയിരുത്തിയിരിക്കുന്നത്. ക്വട്ടേഷൻ നടപടിക്രമത്തിലൂടെ VM സിസ്റ്റംസ് കമ്പ്യൂട്ടർ സെയിൽസ് ആന്റ് സർവ്വീസസ് എന്ന സ്ഥാപനത്തിൽ നിന്നാണ് 45,000/- രൂപ ചെലവഴിച്ച് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയിട്ടുള്ളത്. എന്നാൽ ഇതിന്റെ കൂടെ പ്രൊജക്റ്റിൽ ഉൾപ്പെടുത്താത്ത കമ്പ്യൂട്ടർ ടേബിൾ, മാസ്സ് ഫർണ്ണിച്ചർ പേരാമ്പ്ര എന്ന സ്ഥാപനത്തിൽ നിന്നും 5,000/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. വാങ്ങൽ നടപടി പ്രൊക്വയർമെന്റ് കമ്മറ്റിയിൽ വച്ച് അംഗീകാരം വാങ്ങിയിട്ടില്ല. പ്രൊജക്റ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

## 3-16 വെള്ളപ്പാറക്കൽ സാമ്പവ സങ്കേതം-നെല്ലിയുള്ളതിൽ കോളനി പൈപ്പ് ലൈൻ നീട്ടൽ. വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നമ്പർ - 141/18

വകയിരുത്തിയ തുക – 900000

ചെലവുതുക – 900000(ബിൽ നമ്പർ31/141/തി11.1.18)

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി മേൽ പ്രോജക്റ്റ് പ്രകാരം 900000 രൂപ പിൻവലിച്ച് വെള്ളപ്പാറക്കൽ സാമ്പവ സങ്കേതം-നെല്ലിയുള്ളതിൽ കോളനി പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ P.H.ഡിവിഷൻ കേരള വാട്ടർ അതോറിറ്റി വടകരക്ക് അടവാക്കിയിട്ടുണ്ട്. പ്രവർത്തിക്ക് സാങ്കേതിക അനുമതി ലഭ്യമായ എസ്റ്റിമേറ്റിന്റെ പകർപ്പ്, അടവാക്കിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. വികസനഫണ്ട് SCP വിഭാഗത്തിൽ നിന്നും നല്ലൊരുതുക പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ അടവാക്കി 11 മാസം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ച് തുകയുടെ വിനിയോഗ വിവരം ലഭ്യമാവാത്തത് സംബന്ധിച്ച് യാതൊരുവിധ ചർച്ചകളും ബന്ധപ്പെട്ട ആരോഗ്യം, വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മറ്റിയിൽ നടന്നതായോ, ആയത് ലഭ്യമാക്കാൻ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ നടപടികൾ കൈക്കൊണ്ടതായോ കാണുന്നില്ല. തുക തടസ്സത്തിൽ വെക്കുന്നു. പ്രവൃത്തി പൂർത്തിയാക്കി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-17 സർക്കാർ ഉത്തരവിന് വിരുദ്ധമായി ധനകാര്യകമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തി

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ ഡി.എ.1/1672/2017/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം റോഡ് സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും ഭാഗമല്ലാതെ പുതിയ റോഡിന്റെ കോൺക്രീറ്റ് പ്രവർത്തികൾ ധനകാര്യകമ്മിഷൻ ഗ്രാന്റുപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്താൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ ആയതിന് വിരുദ്ധമായി ഏതാനും പ്രവർത്തികളിൽ ധനകാര്യകമ്മിഷൻഗ്രാന്റുപയോഗിച്ച് റോഡ് കോൺക്രീറ്റ് പ്രവർത്തികൾനടത്തിയതായി കാണുന്നു .വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | നടപ്പിലാക്കിയ കോൺക്രീറ്റ് പ്രവൃത്തി |
|---|---|---|
| 48/18 കേളോത്ത് കക്കറമ്മൽ റോഡ് | 200000 | 53.5 മീറ്റർ നീളത്തിൽ കോൺക്രീറ്റ് പ്രവൃത്തി<br>24.15 എം .ക്യൂബ് |
| 62/18 കല്ലാട്ട് -കുട്ടിപറമ്പ് റോഡ് | 600000 | 139.5 മീറ്റർ നീളത്തിൽ കോൺക്രീറ്റ് പ്രവൃത്തി<br>72.24 എം .ക്യൂബ് |
| 42/18 കരിമ്പിച്ചാൽ റോഡ് | 100000 | 24.5മീറ്റർ നീളത്തിൽ കോൺക്രീറ്റ് പ്രവൃത്തി<br>12.85എം .ക്യൂബ് |
| 73/18 കമ്മോത്തമ്പലം-പൂവ്വാറ സാമ്പവ കോളനി റോഡ് | 4210000 | 193മീറ്റർ നീളത്തിൽ കോൺക്രീറ്റ് പ്രവൃത്തി<br>21.24എം .ക്യൂബ് |
| 49/18 കേളൻ മുക്ക് പാറക്കുളം റോഡ് | 400000 | 95മീറ്റർ നീളത്തിൽ കോൺക്രീറ്റ് പ്രവൃത്തി<br>44.31എം .ക്യൂബ് |

9.10.17 ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ പ്രസ്തുത സർക്കുലർ ചർച്ച ചെയ്യുകയും 2016-17,2017-18 വാർഷിക പദ്ധതികളിൽ ധനകാര്യകമ്മിഷൻ ഗ്രാന്റുപയോഗിച്ച് റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി പദ്ധതികൾ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി, ഡി.പി.സി അംഗീകാരം ലഭിക്കുകയും നിർവഹണ നടപടികൾആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികൾക്ക് വകയിരുത്തിയ ധനകാര്യകമ്മിഷൻ ഗ്രാന്റ് മാറ്റി പകരം ഫണ്ട് വെക്കുന്നതിന് മറ്റ് ഫണ്ടുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അനുമതി ലഭിച്ച രീതിയിൽതന്നെ നിർവഹണം നടത്തുന്നതിന് നിർവഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകുകയാണ് ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ പിന്നീട് തുടർ നടപടികളൊന്നും കൈകൊണ്ടതായി കാണുന്നില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ നടപടികൽ കൈകൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം ഹാജരാക്കേണ്ടതാണ്.

## 3-18 ആസൂത്രണ നടപടി ക്രമങ്ങൾ പാലിക്കാതെ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാവുന്നു

2017-18 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണ നടപടി ക്രമങ്ങൾ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ് നിർദേശം, ഗ്രാമസഭാ നിർദ്ദേശം, കരട് പദ്ധതി രേഖ,അന്തിമ പദ്ധതി രേഖ എന്നിവയിൽ ഉൾപ്പെടാത്ത പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതായി കാണുന്നു. വിശദ വിവരം താഴെക്കൊടുക്കുന്നു

| പ്രൊജക്ട നമ്പർ/ പേര് | വകയിരുത്തിയ തുക | റിമാർക്സ് |
|---|---|---|
| 146/18 .പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്കം ചെയ്യുന്നതിന് കലക്ഷൻ സെന്റർ നിർമ്മാണം | 260000 | |
| 153/18-കുറ്റിവയൽ താഴ കൾവർട്ട് അപ്രോച്ച് റോഡ് | 25000 | |
| 150/18- ഉണ്ണികണ്ടി-തുറശ്ശേരികണ്ടി-പുനത്തിൽ യുവധാരാറോഡ് | 28000 | കരട് പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടുണ്ട്. അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടില്ല. |
| 152/18പഷ്ണിപറമ്പ് സാംസ്കാരിക നിലയം വൈദ്യുതീകരണം | 25000 | കരട് പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടുണ്ട്. അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടില്ല. |

ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാതെ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമായതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സുകൾ പരിശോധിച്ചതിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങളുടെ മേഖലയിൽ ഉൾപ്പെട്ട പ്രൊജക്ടുകൾ അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## **3-19** തണ്ടോറപ്പാറ **S.C.** കോളനി കുടിവെള്ള പദ്ധതി-ഗുണനിലവാരമില്ലാത്ത പ്രവത്തി നടത്തി

പ്രൊജക്ട് നമ്പർ- 83/18

വകതയിരുത്തിയ തുക -400000

ചെലവുതുക - 319922

നിർവഹണം - അസി.എഞ്ചീനീയർ

തണ്ടോറപ്പാറ കുടിവെള്ള പദ്ധതിയുടെ കിണർ ,കോമ്പൗണ്ട് വാൾ എന്നിവയുടെ നിർമാണത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ആരംഭിച്ചതാണ് മേൽ പ്രൊജക്ട്. കരാറുകാരനായ ശ്രീ.കെ.പി.രാജീവൻ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത് 2017-18 സാമ്പത്തിക വർഷത്തിൽ കിണർ, കോമ്പൗണ്ട് വാൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഓഡിറ്റിനോടനുബന്ധിച്ചുള്ള സ്ഥലപരിശോധനയുടെ ഭാഗമായി അസി എഞ്ചീനീയരുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ കിണർ നിർമാണ പ്രവൃത്തിയോടനുബന്ധിച്ച് നടന്ന കോമ്പൗണ്ട് വാൾ നിർമാണ പ്രവൃത്തി ( ചുറ്റമതിൽ 21.01 മീറ്റർ നീളം)പല സ്ഥലങ്ങളിലും കല്ലുകൾ ഇളകി പൊളിഞ്ഞു വീഴാറായ അവസ്ഥയിലാണുള്ളത്. കൂടാതെ ചുറ്റമതിലിന് മുകളിൽ 20 m.m മെറ്റൽ ഉപയോഗിച്ച് 1:3:6 അനുപാതത്തിൽ നടത്തിയ കോൺക്രീറ്റ് പ്രവൃത്തി നിശ്ചിത കനത്തിൽ നടത്തിയിട്ടില്ലെന്നും കാണുന്നു. (0.075മീറ്റർ)

പ്രവൃത്തിയുടെ വർക്ക് ബിൽ, എം ബുക്ക് എന്നി പരിശോധിച്ചതിൽ ഇനം 15 ആയി കോൺക്രീറ്റ് പ്രവൃത്തിയുടെ സെന്ററിംഗ് , ഷട്ടറിംഗ് വർക്കുകൾക്ക് 814 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഏകദേശം ഒരിഞ്ച് കനത്തിൽ മാത്രം നടത്തിയ കോൺക്രീറ്റ് പ്രവൃത്തിക്ക് സെന്ററിംഗ്,ഷട്ടറിംഗ് പ്രവൃത്തിഅനുവദിച്ച് നൽകിയത് എന്തിനാണെന്ന് വ്യക്തമല്ല.

കടിവെള്ള പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ (ഓവർഹെഡ് ടാങ്ക് നിർമാണം, പമ്പ് ഹൗസ്,പൈപ്പിടൽ മുതലായവ) ജില്ലാപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതായി 2016-17 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട്തയ്യാറാക്കിയതായി കിണർ നിർമാണ പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽവ്യക്തമാക്കിയിട്ടുണ്ടെങ്കിലും അത്തരം പ്രവർത്തികളൊന്നുംതന്നെ നാളിതുവരെ ജില്ലാപഞ്ചായത്ത് മുഖേന ആരംഭിച്ചിട്ടില്ലെന്നും പരിശോധന സമയത്ത് ബോധ്യപ്പെട്ടു. പ്രവർത്തികളുടെ മോണിട്ടറിംഗ് നടത്തേണ്ട കടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പ്(കൺവീനർ ഒഴികെ) ,മേൽനോട്ട ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവർ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വന്ന വീഴ്ചയാണ് ഇങ്ങനെ സംഭവിക്കാൻ കാരണം. പ്രവൃത്തി ഒരുഘട്ടത്തിലും മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല. ചുറ്റമതിൽ നിർമാണത്തിലെ അപാകതകൾ കരാറുകാരനെ കൊണ്ട് പരിഹരിപ്പിക്കുകയോ അല്ലാത്തപക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റുള്ളവരെകൊണ്ട് പരിഹരിപ്പിക്കുകയോചെയ്യേണ്ടതാണ്. ജില്ലാപഞ്ചായത്ത് മുഖേന നടപ്പിലാക്കേണ്ടിയിരുന്ന ഓവർഹെഡ് ടാങ്ക് ,പമ്പ് ഹൗസ് ,പൈപ്പ് നിർമാണം എന്നീ പ്രവർത്തികളുടെ നിലവിലെ സ്ഥിതിയും തുടർ പ്രവർത്തനങ്ങളും വിശദമാക്കേണ്ടതാണ്.

## 3-20 മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തികവർഷം 37 സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 78 പ്രൊജക്ടുകളാണ് നടപ്പിലാക്കാനുണ്ടായിരുന്നത്. ആയതിൽ 53 പ്രൊജക്ടുകൾക്ക് മാത്രമേ സാമ്പത്തിക വർഷം തുക ചെലവഴിച്ചിട്ടുള്ളൂ. 5 സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 25 പ്രവർത്തികൾക്ക് സാമ്പത്തികവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.വിവിധ ഫണ്ടിനങ്ങളിലായി മരാമത്ത് പ്രവർത്തികൾക്ക് 42268776 രൂപ വകയിരുത്തിയതിൽ 30567406 രൂപ ചെലവഴിച്ചിട്ടുണ്ട്.(ചെലവുശതമാനം72.3). ഫണ്ടിനങ്ങളിൽ വികസന ഫണ്ട്, ധനകാര്യകമ്മിഷൻ ഗ്രാന്റ്, ലോകബാങ്ക് സഹായം ,മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചിട്ടില്ലാത്തതിനാൽ 10447190 രൂപ വിവിധ ഇനങ്ങളിലായി സാമ്പത്തിക വർഷം സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്. പൊതുമരാമത്ത് മേഖലയിൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ലാത്തത് ഈ മേഖലയിലെ ഫണ്ട് വിനിയോഗത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. 18.4.17 ന് വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് ഗ്രാമസഭാ നിർദ്ദേശങ്ങളുടെ ക്രോഡീകരണം നടത്തിയ ശേഷം പിന്നീട്12.1.18ന് 2018-19 വർഷത്തെ പ്രൊജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനാണ് ഗ്രൂപ്പ് യോഗം ചേർന്നിരിക്കുന്നത്. പദ്ധതി അംഗീകരിച്ച ശേഷം കൺവീനർ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മറ്റിയായി പ്രവർത്തിച്ച് തങ്ങളുടെ മേഖലയിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടറിംഗിന് വിധേയമാക്കേണ്ടതാണെങ്കിലും അത്തരമൊരു പ്രവർത്തനത്തിന്റെ അഭാവമാണ് പൊതുമരാമത്ത് മേഖലയിൽ ചെലവുകുറയാൻ പ്രധാന കാരണം.അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-21 S.S.A.വിഹിതം അടവാക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ.വിഹിതം അടവാക്കുന്നതിന് താഴെപ്പറയുന്ന പ്രൊജക്ട് പ്രകാരം 3 ലക്ഷം രൂപ പിൻവലിച്ച് ജില്ലാ പ്രൊജക്ട് ഓഫീസർ S.S.A. കോഴിക്കോടിന് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ .

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ. തിയ്യതി |
|---|---|---|---|
| 80/18 .എസ്.എസ്.എ വിഹിതം അടവാക്കൽ | 3,00,000/- വികസന ഫണ്ട് (ജനറൽ) | 3,00,000/- | 1/17-18 തീ. 31.07.2017 |

എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിലുള്ള വിദ്യാലയങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സ.ഉ (എം.എസ്)നം.72/2017/ത.സ്വ.ഭ. വ29.03.2017 അനുബന്ധം ഖ. 12.9(3) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തേണ്ടതാണെന്നും. , എസ്.എസ്.എ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പാലിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളൊന്നും ഗ്രാമപഞ്ചായത്ത് നടത്തിയതായി കാണുന്നില്ല.

വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യമായ നടപടികൾ നിർവഹണ ഉദ്യോഗസ്ഥൻ കൈകൊള്ളുകയോ, അടവാക്കിയ തുകക്ക് വിനിയോഗ വിവരം ലഭിക്കാത്തത് സംബന്ധിച്ച്, മേൽനോട്ട ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗി കമ്മറ്റി, മോണിറ്ററിംഗ് കമ്മറ്റി, എന്നിവ ചർച്ചചെയ്ത് ആവശ്യമായ നടപടികൾ കൈകൊള്ളുകയോ ചെയ്തിട്ടില്ല.

വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, ഓഡിറ്റ് വർഷത്തിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദമായ റിപ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 590000 | 1)ക്ഷീര കർഷകർക്ക് പാലളക്കുന്നതിന്റെ സബ്സിഡി<br>2)നെൽ കൃഷി കൂലി ചെലവ്<br>3)ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നപർക്ക് സ്കോളർഷിപ്പ് | 200000<br>340000<br>50000<br>ആകെ 590000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | | 100000 | ക്ഷീര കർഷകർക്ക് പാലളക്കുന്നതിന്റെ സബ്സിഡി | 100000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | | | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 900000 | | 900000 വിനിയോഗവിവരം ലഭ്യമായില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | 2079491 | 968300 | -- | 1111191 |

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2354/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പേരും ഉദ്യോഗപ്പേരും | |
| 2016/17 | 2/3(1) | 1250 | ഹെഡ് മാസ്റ്റർ | 117010100743 28/09/17 |
| 2016/17 | 2/3(3) | 1000 | സെക്രട്ടറി, സർവീസ് കോ-ഓപ് ബാങ്ക് | 117010100894 30/10/17 |
| 2016/17 | 2/2(4) | 104 | റഷീദ് | 117010101177 17/11/17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2005-06 | 2.70,1.1.2 | പാവടിക്കുന്നുമ്മൽ താഴെ നടപ്പാത | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 2-1 | 2005-06 | 2.70,1.2.3 | കാഷ് ബുക്ക് പൂർണമല്ല | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 3-9 | 2005-06 | 2.70,1.3.3 | വനിത തൊഴിൽ പരിശീലനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | - | 2005-06 | 2.70,1.9.1 | തൊഴിലില്ലായ്മ വേതനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2001-02 | 3-3 | 2005-06 | 2.70,1.9.3 | തൊഴിലില്ലായ്മ വേതനം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2001-02 | 2-1 (സി,ഡി) | 2005-06 | 2.70,1.11.6 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൂർണമല്ല | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2002-03 | 2 | 2005-06 | 2.70,1.14.2 | നികുതി പിരിവ് അലംഭാവം | ഒഴിവാക്കാൻ ശിപാർശ ചെയ്തു |
| 2015-16 | 2-4 | 2016-17 | അനുബന്ധം | തൊഴിൽ നികുതി | |

| | | | | | |
|---|---|---|---|---|---|
| | | | 5 | അപാകതകൾ | |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ് നടപടികളുടെ വിവരം -ഇല്ല

| ഓഡിറ്റ് റിപ്പോർട്ട് വർഷം | സർചാർജ്ജ് നം | ഖണ്ഡിക നം | തുക | റിമാർക്സ് |
|---|---|---|---|---|
| 2007-08 | സർചാർജ്ജ് സർട്ടിഫിക്കറ്റ് നം.<br>എൽ.എഫ്. 11113/സ്പെ.സെൽ/എസ് സി 2/2013<br>തീയതി-27.10.01 | 3-9(ഭാഗികം | 3490<br>3490<br>3490<br>3490<br>3490<br>ആകെ 17450 | ഈടാക്കിയ വിവരം ലഭ്യമല്ല. |
| 1996-97 | സർചാർജ്ജ് സർട്ടിഫിക്കറ്റ് നം.<br>എൽ.എഫ്.4223/സ്പെ.സെൽ/എസ് സി 1/2000<br>തീയതി-29-11-2001 | 27-സി | 279 | റസീതി നം 118010100113 തിയതി 27-04-2018 പ്രകാരം തുക അടവാക്കി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57319670 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57297885 |
| വരവിനങ്ങളിലുള്ള നഷ്ടം | .. |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | .. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 900000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-16 | 900000 | ശ്രീമതി.റീജ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-1 | 380103 (പെൻഷൻ കോൺട്രിബ്യൂഷൻ) |
| 3-3 | 286602 (വാറ്റ്) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.റീജ<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ | ശ്രീമതി.റീജ<br>പൊട്ടക്കാട്ട് വീട്,<br>കരുവണ്ണൂർ പി ഒ,തൃശ്ശൂര്<br>68071 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2006-07 | കെ എസ് എ കെ ഡി പി 4/528/18(2) തിയതി 30-04-18 | 1 | 3-10 |
| 2007-08 | കെ എസ് എ കെ കെ ഡി പി 4/528/18(3) തിയതി 30-04-18 | 6 | 3-9,3-11,3-12, 3-20,3-21,3-22 |
| 2008-09 | കെ എസ് എ കെ കെ ഡി പി 4/528/18(4) തിയതി 30-04-18 | 2 | 3-4,3-8 |
| 2009-10 | കെ എസ് എ കെ കെ ഡി പി 4/528/18(5) തിയതി 30-04-18 | 2 | 3-3,3-4 |
| 2010-11 | കെ എസ് എ കെ കെ ഡി പി 4/528/18(6) തിയതി 30-04-18 | 3 | 3-3,3-6,3-8 |
| 2011-12 2012-13 | കെ എസ് എ കെ കെ ഡി പി 4/528/18(7) തിയതി 30-04-18 | 3 | 3-5,3-19,3-20 |
| 2013-14 2014-15 | കെ എസ് എ കെ കെ ഡി പി 4/1658/15 തിയതി 07/04/15 | 17 | 3-1,3-2(3),3-4,3-5, -9,3-10,3-11(1),(2),(3), (4),3-12,3-13,3-14,3-15, 3-16,3-17,3-18,4-1, 4-9,4-10 |
| 2015-16 | കെ എസ് എ കെ കെ ഡി പി 4/2180 തിയതി 02-06-17 | 10 | 2-1-2,2-3,2-4,2-5,3-3,3-6, 3-8,3-11,3-12,3-13 |
| 2016-17 | കെ എസ് എ കെ കെ ഡി പി 4/2440/17 തിയതി 20-02--18 | 13 | 2-1,2-5,3-2,3-3,3-5, 3-6,3-7,3-8,3-9, 3-11,3-12,3-13,3-16 |

| | | | |
|---|---|---|---|
| | | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുത്താളി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ

വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്